# വ്യാപാരകേരളം

സമ്പൂർണ്ണ മാസിക

പുസ്തകം 1 ലക്കം 10 പേജുകൾ 42 ഫെബ്രുവരി 2021



ബജറ്റ് അവലോകനം

റിഥം ഓഫ് ലൈഫ്

കവിതകൾ

കഥകൾ

മുഖച്ചിത്രം: ജൂല അതിയാരത്ത്



**മുഖച്ചിത്രം:**
**ജൂല അതിയാരത്ത്**

കവയിത്രി, ഗായിക, സാംസ്കാരിക പ്രവർത്തക. ആനുകാലികങ്ങളിൽ കവിതകൾ പ്രസിദ്ധീകരിക്കാറുണ്ട്. തൃശൂർ ജില്ലാ പഞ്ചായത്തിൽ ഹെഡ് ക്ലർക്ക് ആയി ജോലി ചെയ്യുന്നു. ഭർത്താവ് സുധീഷ്. മക്കൾ കൃഷ്ണപ്രസാദ്, നന്ദന. തൃശൂരിൽ പൂങ്കുന്നത്ത് സ്ഥിരതാമസം.

ഓഫീസ്:
**വ്യാപാരകേരളം**
**(ഓൺലൈൻ മാസിക)**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com

email:
vyaparakeralam@gmail.com

Phone: 0487 2365309
Mob: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**

ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ:
**റയൻ ജോസഫ്**



'വ്യാപാരകേരളം' മാസികയുടെ സഹോദര പ്രസിദ്ധീകരണമായ, **'വാർത്താ കേരളം'** ന്യൂസ് ഡെയ്‌ലിക്ക് എഴുപതിനായിരത്തിൽപരം വായനക്കാരെ ലഭിച്ച സന്തോഷം പങ്കുവയ്ക്കട്ടെ. 2019 ഏപ്രിൽ ഒന്നിനാണ് **'വാർത്താകേരളം'** പ്രസിദ്ധീകരണമാരംഭിച്ചത്. രണ്ടുവർഷം തികയും മുമ്പാണ് ഈ നേട്ടം കൈവരിക്കാനായത്. വാർത്ത വായിച്ചും ഷെയർ ചെയ്തും കൂടെനിന്ന എല്ലാ മാന്യ വായനക്കാരോടും നന്ദി അറിയിക്കുന്നു.

**'വാർത്താകേരളം'** ന്യൂസ് ഡെയ്‌ലിയിൽ ലിങ്ക് കൊടുക്കുക വഴി, **'വ്യാപാരകേരളം'** മാസികയും ഇക്കാലയളവിൽ ഏറെ വായിക്കപ്പെട്ടു. ഒരു പ്രസിദ്ധീകരണത്തിന് വായനക്കാരുണ്ടാകുക എന്നത്, പിന്നണി പ്രവർത്തകർക്ക് ഉന്മേഷം പകരുന്ന അംഗീകാരമാണ്. മാസികയുടെ തൊണ്ണൂറ് ശതമാനം വായനക്കാരും, മലയാളത്തിലെ ലബ്ധ പ്രതിഷ്ഠ നേടിയ സാഹിത്യ വാരികകളുടെ വായനക്കാരല്ല എന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്. തലമുറ വ്യത്യാസമില്ലാതെ, ഇ-വായന ശീലമാക്കിയവരാണ് **'വ്യാപാരകേരള'**ത്തിന്റെ വായനക്കാരായത്.

അരലക്ഷത്തിലേറെ പുതിയ വായനക്കാരെ ആകർഷിക്കാനായത്, ഓൺലൈൻ പ്രസിദ്ധീകരണങ്ങൾ ഉണ്ടാകേണ്ടതിന്റേയും നിലനിൽക്കേണ്ടതിന്റേയും ആവശ്യകത നമ്മെ ബോധ്യപ്പെടുത്തും. കാലം മാറുമ്പോൾ, വായന പുതിയ തലം തേടുമ്പോൾ, ഭാഷയുടെ സാധ്യതകൾ അവിടെയും പരമാവധി പ്രയോജനപ്പെടുത്തുകയാണ് ഓൺലൈൻ മാധ്യമങ്ങൾ ചെയ്യുന്നത്.

നിർഭാഗ്യവശാൽ, സർക്കാർ സംവിധാനങ്ങൾ ഓൺലൈൻ മാധ്യമങ്ങളിൽനിന്നും മുഖംതിരിക്കുന്ന പ്രവണതയാണ് നിലനിൽക്കുന്നത്. ഇ-വായനയിലേക്ക് ലോകം അതിവേഗം മാറിക്കൊണ്ടിരിക്കുന്നു എന്ന യാഥാർത്ഥ്യം അറിയാത്തവരല്ല സർക്കാർ സംവിധാനങ്ങൾ. ദൃഢശക്തിയായി മാറിക്കഴിഞ്ഞ ഓൺലൈൻ മാധ്യമങ്ങളെ അംഗീകരിക്കാതെ, സർക്കാർ സംവിധാനങ്ങൾക്ക് എത്രനാൾ കണ്ണടക്കാൻ സാധിക്കും?

**-സി.ആർ.രാജൻ,**
എഡിറ്റർ

കഥ

# ഇമ്മാനുവേൽ



എ. കെ. അനിൽകുമാർ

ഇടവകയിലെ ആ പള്ളിയിൽ പുതുതായി ഒരു ഫാദർ സ്ഥലംമാറി വന്നു. നാല്പതിനോടടുത്ത പ്രായം. ചെറിയ താടി. നീട്ടിവളർത്തിയ മുടി. യേശുദേവനെപ്പോലെ സ്നേഹവും ശാന്തതയും നിറഞ്ഞു നിൽക്കുന്ന മുഖം. കണ്ണുകളിൽ കരുണയും വാത്സല്യവും. ഇടവക്കാർക്കെല്ലാം ഫാദറിനെ വളരെ വളരെ ഇഷ്ടമായി. കുർബാനകളിലെ ഫാദറിന്റെ പ്രസംഗം യേശുദേവന്റെ ഗിരിപ്രഭാഷണത്തെ ഓർമ്മിപ്പിച്ചു.

ഒരുദിവസം രാവിലെ ഇടവകയിലെ രണ്ടു കുടുംബങ്ങൾ ഫാദറിനെ കാണാനായി പള്ളിമേടയിലെത്തി. അതിൽ ഒരു കുടുംബത്തിലെ ഒരു പയ്യൻ മറ്റേ കുടുംബത്തിലെ ഒരു പെണ്ണുമായി പ്രേമത്തിലാണെന്ന്. അച്ചൻ അതു പറഞ്ഞുവിലക്കണം. അതായിരുന്നു ആ രണ്ടു കുടുംബക്കാരുടെയും കൂട്ടായ ആവശ്യം.

ആ പയ്യനെയും പെണ്ണിനേയും ഫാദറിന് അറിയാമായിരുന്നു. പള്ളി ആരാധന കഴിഞ്ഞ് അവരെ ഒരുമിച്ച് പള്ളിപ്പരിസരങ്ങളിൽ പലപ്പോഴായി ഫാദറും കണ്ടിട്ടുണ്ട്. ഈയിടെ പ്രായപൂർത്തിയായ രണ്ടു കുട്ടികൾ. അടുത്തടുത്ത രണ്ടു ചെടികളിൽ ഇന്നു രാവിലെ മാത്രം മൊട്ടിട്ട വിടരാത്ത രണ്ടു പൂമൊട്ടുകളെപ്പോലെ തോന്നിച്ചു ഫാദറിന് ആ കുട്ടികൾ. കുഞ്ഞു പൂമൊട്ടുകൾ.

ഫാദർ ആ രണ്ടു കുടുംബക്കാരുടെയും മുഖത്ത് സ്നേഹത്തോടെ നോക്കി. എന്നിട്ട് പറഞ്ഞു : 'അവർതമ്മിൽ പ്രേമമാണെന്ന് നിങ്ങൾ എങ്ങനെ അറിഞ്ഞു? അവർ കൊച്ചുകുട്ടികളല്ലേ. പരസ്പരം ഇഷ്ടപ്പെട്ട് അവർ അങ്ങനെ നടക്കട്ടെ.'

ഒന്നു നിർത്തി ഫാദർ ചിരിയോടെ തുടർന്നു : 'ഇനി അഥവാ അത് പ്രേമമാണെങ്കിൽ അവരങ്ങ് പ്രേമിച്ചോട്ടെന്നേ...'

ആ വീട്ടുകാർക്ക് കോപം വരിക സ്വാഭാവികം. അവർ മുറുമുറുത്തുകൊണ്ട് ഫാദറോട് ചോദിച്ചു : 'അതിന് അച്ചന് പ്രേമം എന്താണെന്ന് അറിയാമോ...?"

ഫാദർ പതുക്കെ ഇരിപ്പിടത്തിൽ നിന്നും എണീറ്റു. എന്നിട്ട് പതുക്കെ പുഞ്ചിരിച്ചുകൊണ്ട് അവരോട് പറഞ്ഞു : 'പ്രേമമെന്നാൽ അത് ഒരാണിന് ഒരു പെണ്ണിനോടും ഒരു പെണ്ണിന് ഒരാണിനോടും തോന്നുന്ന വികാരം മാത്രമാണെന്ന് ആരാ നിങ്ങളോട് പറഞ്ഞത് ?'

ഫാദർ സ്നേഹത്തോടെ അവരെ നോക്കി. എന്നിട്ട് തുടർന്നു : 'ഈ പ്രപഞ്ചത്തെ മുഴുവൻ ഒരു ലാഭേച്ഛയും കൂടാതെ പ്രേമിച്ച ഒരാൾ ഈ ലോകത്ത് ജീവിച്ചിരുന്നു. 'ദൈവം നിന്നോടു കൂടെ' എന്നർത്ഥമുള്ള 'ഇമ്മാനുവേൽ' എന്ന പേരിൽ അവൻ അറിയപ്പെട്ടു ചെറുപ്പകാലത്ത്...'

കരുണയും വാത്സല്യവും നിറഞ്ഞ ഒരു കുഞ്ഞിളംകാറ്റുപോലെ ഫാദർ പതുക്കെ അവരുടെ അരികിലേക്കെത്തി. സ്നേഹമഞ്ഞിന്റെ ഒരു നേർത്ത തൂവൽപ്പുതപ്പ് തങ്ങളെ വലയം ചെയ്തതായി അപ്പോൾ അവർക്ക് തോന്നി.

## അകത്താളുകളിൽ

### ലേഖനം/പംക്തി:


സമകാലികം - ഫ്രാങ്കോ ലൂയിസ്: പേജ് 4
റിഥം ഓഫ് ലൈഫ് - തേജശ്രീ: പേജ് 7
പുസ്തകപരിചയം - വീരാൻകുട്ടി: പേജ് 41


### കഥ


എ.കെ.അനിൽകുമാർ: പേജ് 3
പി.രഘുനാഥ്: പേജ് 10
ശ്രീജ ശ്രീനിവാസൻ: പേജ് 11
വിനോദ് വി. ദേവ്: പേജ് 13
രശ്മി സജയൻ: പേജ് 15
ബിന്ദു മാത്യു: പേജ് 19


### കവിത


ഹാജറ കെ.എം.: പേജ് 21
രമ പിഷാരടി: പേജ് 22
ടി.പി.രാധാകൃഷ്ണൻ: പേജ് 23
തസ്നി ജബീൽ: പേജ് 24
രാജു കാഞ്ഞിരങ്ങാട്: പേജ് 25
ദീപ്തി കൈരളി: പേജ് 26
സെയ്തലവി വിളയൂർ: പേജ് 27
ഷീജ പള്ളത്ത്: പേജ് 28
സുനിൽരാജ് സത്യ: പേജ് 29
കല്യാണി: പേജ് 30
സന്തോഷ് കെ.: പേജ് 31
സാന്ദ്ര എസ്. വാരിയർ: പേജ് 32
വിനോദ് ചെത്തല്ലൂർ: പേജ് 33
ജിൻസി കെ.പി: പേജ് 34
എം.കപിൽദേവ്: പേജ് 35
അമ്മു: പേജ് 36
നിത്യലക്ഷ്മി: പേജ് 37
കയ്യുമ്മു: പേജ് 38
ജംഷീർ കോഡൂർ: പേജ് 39
ജൂല അതിയാരത്ത്: പേജ് 40



# ബജറ്റ് ഒരു വോട്ടുവല



ഫ്രാങ്കോ ലൂയിസ്

അടുത്ത അഞ്ചു വർഷം കേരളം ആരു ഭരിക്കും? കേരള നിയമസഭാ തെരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം ഈ മാസം അവസാനത്തോടെ വരും. ഏപ്രിൽ മാസത്തോടെ തെരഞ്ഞെടുപ്പ്.

ജനവിധി വരാനിരിക്കേ, സമൃദ്ധമായി ക്ഷേമം വിളമ്പിയ ബജറ്റിനെ 'ഇലക്ഷൻ ബജറ്റെ'ന്നാണ് മാധ്യമങ്ങൾ വിശേഷിപ്പിച്ചത്. ജനലക്ഷങ്ങളുടെ വോട്ട് തങ്ങൾക്കൊപ്പം ചേർത്തുനിർത്താൻ സഹായിക്കുന്ന ബജറ്റ്.

ഡിസംബറിൽ നടന്ന ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിലെ വിജയം ആവർത്തിക്കണമെന്ന മോഹത്തോടെയാണ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള എൽഡിഎഫ് സർക്കാർ 'ക്ഷേമ ബജറ്റ്' അടക്കമുള്ള തുരുപ്പുചീട്ടുകൾ പ്രയോഗിക്കുന്നത്. ക്ഷേമ പെൻഷനുകൾ നൂറു രൂപവീതം വീണ്ടും വർധിപ്പിച്ച് 1,600 രൂപയാക്കി. കോവിഡുമൂലമുള്ള അടച്ചുപൂട്ടലിൽ തുടങ്ങിവച്ച

**ക്ഷേമ പെൻഷനുകൾ നൂറു രൂപവീതം വീണ്ടും വർധിപ്പിച്ച് 1,600 രൂപയാക്കി. കോവിഡുമൂലമുള്ള അടച്ചുപൂട്ടലിൽ തുടങ്ങിവച്ച ഭക്ഷ്യകിറ്റ് വിതരണം തുടരും. സർക്കാർ ഉദ്യോഗസ്ഥരുടെ ശമ്പളം ഏപ്രിൽ മാസത്തോടെ വർധിപ്പിക്കുമെന്നു പ്രഖ്യാപിക്കുകയും ചെയ്തു. തെരഞ്ഞെടുപ്പു വിജ്ഞാപനം നിലവിൽ വരുന്നതിനാൽ വർധിപ്പിച്ച ശമ്പളം നൽകുന്ന ഉത്തരവാദിത്വം പുതിയ സർക്കാരിനാകും.**

ഭക്ഷ്യകിറ്റ് വിതരണം തുടരും. സർക്കാർ ഉദ്യോഗസ്ഥരുടെ ശമ്പളം ഏപ്രിൽ മാസത്തോടെ വർധിപ്പിക്കുമെന്നു പ്രഖ്യാപിക്കുകയും ചെയ്തു. തെരഞ്ഞെടുപ്പു വിജ്ഞാപനം നിലവിൽ വരുന്നതിനാൽ വർധിപ്പിച്ച ശമ്പളം നൽകുന്ന ഉത്തരവാദിത്വം പുതിയ സർക്കാരിനാകും.

എട്ടു ലക്ഷം തൊഴിലവസരങ്ങളാണ് ബജറ്റിലെ മറ്റൊരു പ്രധാന നിർദേശം. ഉന്നത വിദ്യാഭ്യാസത്തിനു ലക്ഷം രൂപവരെ ഫെലോഷിപ്, 2,500 സ്റ്റാർട്ടപ്പുകൾ, പരിസ്ഥിതി സൗഹൃദ കെട്ടിടങ്ങൾക്കു നികിതിയിളവ്, ഇ



ലക്ട്രിക് വാഹനങ്ങൾക്ക് 50 ശതമാനം നികുതിയിളവ് തുടങ്ങിയ വാഗ്ദാനങ്ങൾ. കർഷകരെ സഹായിക്കാൻ നെല്ല്, തേങ്ങ, റബർ എന്നിവയുടെ സംഭരണവില വർധിപ്പിക്കുമെന്നും നിർദേശമുണ്ട്.

ഇത്തരം ബജറ്റ് നിർദേശങ്ങളിൽ ചിലതെല്ലാം വോട്ടിൽ പ്രതിഫലിക്കും. ചിലതിനു വില കൂട്ടിയാലും കുഴപ്പമില്ല. ഇന്നു മുതൽ മദ്യത്തിനു വിലകൂടി. ഒരു കുപ്പിക്ക് 50 മുതൽ നൂറുവരെ രൂപയാണു വർധന. ഉൽപാദനചെലവു വർധിച്ചതിനാൽ വില വർധിപ്പിക്കണമെന്ന മൂന്നു വർഷമായുള്ള ആവശ്യമാണ് ഇപ്പോൾ അംഗീകരിച്ചത്. മദ്യത്തിന്റെ വില വർധന ബജറ്റ് നിർദേശമല്ല. വില കൂടിയാലും തെരഞ്ഞെടുപ്പിന്റെ ലഹരി കുറയില്ല.

വിവിധ സർക്കാർ സ്കൂളുകളിലെ 15 വിദ്യാർഥികൾ എഴുതിയ കവിതകളും എട്ടു വിദ്യാർഥികൾ വരച്ച ചിത്രങ്ങളും മേമ്പൊടിയാക്കിയാണ് ധനമന്ത്രി ഡോ. തോമസ് ഐസക് ബജറ്റ് പ്രസംഗം തയാറാക്കിയത്. കേരളത്തിലെ ഏറ്റവും സുദീർഘമായ ബജറ്റ് പ്രസംഗമെന്ന റിക്കാർഡ് അദ്ദേഹം ഈ പ്രസംഗത്തിലൂടെ കുറിച്ചു. മൂന്നു മണിക്കൂറും 17 മിനിറ്റുകൊണ്ടാണ് ബജറ്റ് പ്രസംഗം പൂർത്തിയാക്കിയത്.

സ്വർണക്കള്ളക്കടത്തും ലൈഫ് മിഷൻ ഭവനപദ്ധതി ആരോപണങ്ങളും അടക്കമുള്ള പ്രചാരണ ആയുധങ്ങൾ യുഡിഎഫ് ആളിക്കത്തിക്കാൻ ശ്രമിക്കുന്നുണ്ട്. സോളാർ സരിതയുടെ കേസ് സിബിഐക്കു വിട്ട് എൽഡിഎഫ് യുഡിഎഫിനെ തിരിച്ചടിച്ചു. യുഡിഎഫിനെ നയിക്കാൻ മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെ കോൺഗ്രസ് രംഗത്തിറക്കിയതോടെയാണ് ഈ തിരിച്ചടി. ഇത്തരം രാഷ്ട്രീയ പോരാട്ടങ്ങൾ വോട്ടർമാരുടെ മനസിനെ എത്രത്തോളം സ്വാധീനിക്കും? കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ പ്രശംസനീയമായി നടത്തിയതിനു ജനങ്ങളുടെ കരഘോഷം വോട്ടാകുമെന്ന പ്രതീക്ഷയിലാണ് എൽഡിഎഫ്.

വികസന വിഷയത്തിൽ സിപിഎമ്മിനും എൽഡിഎഫിനും പഴയ പിന്തിരിപ്പൻ നിലപാട് അല്ല. റോഡ്, റെയിൽവേ, പാലങ്ങൾ തുടങ്ങിയവ മുതൽ ഗെയിൽ പൈപ്പുലൈൻ വരെയുള്ള പദ്ധതികളിൽ വേഗമുള്ള നടപടികൾ. കിഫ്ബിയിലൂടെ അനേകം പദ്ധതികൾ വിഭാവനം ചെയ്തു. കിഫ്ബിയുടെ പണമിടപാട് മറ്റാരും പരിശോധിക്കരുതെന്ന നിലപാട് എൽഡിഎഫ് സർക്കാരിന്റെ പ്ര

തിച്ഛായയെ ബാധിച്ചിട്ടുണ്ട്.

കിഫ്ബിയുടെ കണക്കു പരിശോധിക്കാൻ വന്ന സിഎജിക്കെതിരേ നിയമസഭയുടെ അവസാന സമ്മേളനം പ്രമേയം പാസാക്കി. ജനങ്ങൾക്കു മുന്നിൽ മുൻകൂർ ജാമ്യത്തിനു സമാനമാണത്. സർക്കാരിന്റെ വരവു ചെലവു കണക്കുകളും രേഖകളും കൈമാറാതെ അക്കൗണ്ടന്റ് ജനറൽ ഓഫീസിലെ ഉദ്യോഗസ്ഥരെ പത്തു ദിവസം പുറത്തിരുത്തിയ എൽഡിഎഫ് സർക്കാരിനെതിരേ സിഎജിയുടെ റിപ്പോർട്ടുകളും നടപടികളും ഇനിയും പുറത്തുവരാനിരിക്കുന്നതേയുള്ളൂ.

ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ നേടിയതിനേക്കാൾ ഉജ്വല വിജയമാണ് എൽഡിഎഫ് നിയമസഭയിലേക്കു പ്രതീക്ഷിക്കുന്നത്. 2019 ൽ നടന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ ഇരുപതിൽ പത്തൊമ്പതും തൂത്തുവാരിയ വിജയാഘോഷത്തിന്റെ തനിയാവർത്തനമാണ് യുഡിഎഫിന്റെ സ്വപ്നം. ഒ. രാജഗോപാലിലൂടെ നിയമസഭയിൽ ഇടം നേടിയ ബിജെപി, സാന്നിധ്യം ഇരട്ടിയെങ്കിലുമാക്കാനുള്ള യജ്ഞത്തിലാണ്.

കേരള കോൺഗ്രസ് ജോസ് കെ. മാണി വിഭാഗം, ശ്രേയാംസ്കുമാറിന്റെ ലോക് താന്ത്രിക് ജനതാദൾ എന്നീ പാർട്ടികൾകൂടി എത്തിയത് എൽഡിഎഫിനെ ശക്തമാക്കിയെന്ന് ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കണ്ടതാണ്. പാലാ സീറ്റിന്റെ പേരിൽ എൻസിപിയിലെ ഒരു വിഭാഗം പിണങ്ങുമോ? കണ്ടറിയണം.

ത്രിതല പഞ്ചായത്തിലെ തെരഞ്ഞെടുപ്പു ഫലം നിയമസഭാ തെരഞ്ഞെടുപ്പിന്റെ ചൂണ്ടുപലകയാണെന്ന് അവകാശപ്പെടുന്നവരുണ്ട്. അങ്ങനെയല്ല, പാർലമെന്റിലേക്കും ത്രിതല പഞ്ചായത്തുകളിലും നിയമസഭയിലേക്കുമെല്ലാം വെവ്വേറെ മാനദണ്ഡങ്ങളാണ് ജനങ്ങൾക്കുള്ളതെന്നു കരുതുന്നവരാണ് ഏറേയും. തരത്തിനനുസരിച്ചാണു വോട്ട്.

യുഡിഎഫിനെ കൂടുതൽ കരുത്തുറ്റതാക്കാനാണ് മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെ കോൺഗ്രസ് മുന്നിലേക്കു കൊണ്ടുവന്നത്. പ്രതിപക്ഷ നേതാവായിരുന്ന രമേശ് ചെന്നിത്തലതന്നെയാണ് യുഡിഎഫിന്റെ അണിയറയിലുള്ള മുഖ്യമന്ത്രി സ്ഥാനാർഥി. എന്നാൽ, ഭരണത്തുടർച്ച ഉറപ്പാണെന്നാണ് പിണറായി വിജയന്റെ എൽഡിഎഫ് സർക്കാർ അവകാശവാദം.

നിയമസഭാ തെരഞ്ഞെടുപ്പിനുള്ള അങ്കത്തട്ട് ഒരുങ്ങിക്കഴിഞ്ഞു. ഇനിയുള്ള നാളുകളിൽ സമരങ്ങളും കോലാഹലങ്ങളുമെല്ലാം ചൂടാകും. യാത്രകളും ജനസമ്പർക്ക പരിപാടികളുമായി നേതാക്കൾ ഇറങ്ങിത്തിരിച്ചിട്ടുണ്ട്.

### കേന്ദ്ര ബജറ്റ്

ഫെബ്രുവരി ഒന്നിനു പാർലമെന്റിൽ അവതരിപ്പിക്കാനിരിക്കുന്ന കേന്ദ്ര ബജറ്റിൽ പ്രതീക്ഷിക്കുന്ന ചില നിർദേശങ്ങൾ ആദായ നികുതിയിലും കർഷക ക്ഷേമത്തിലുമാണ്.

ആദായ നികുതി സ്ലാബുകളിലും നിരക്കുകളിലും മാറ്റമുണ്ടാകും. കഴിഞ്ഞ രണ്ടു തവണത്തെ ബജറ്റുകളിലും ഈ മാറ്റം പ്രതീക്ഷിച്ചതായിരുന്നു. കഴിഞ്ഞ തവണ വരുത്തിയ മാറ്റം പൊതുവേ വലിയൊരു വിഭാഗത്തിനു സ്വീകാര്യമായതുമില്ല. നികുതിയിളവുകൾ ഒഴിവാക്കി കുറഞ്ഞ നിരക്ക് അനുവദിച്ചുകൊണ്ടുള്ള പരീക്ഷണം ഇപ്പോഴത്തെ സാഹചര്യത്തിൽ ഗുണം ചെയ്യില്ലെന്നാണു കേന്ദ്ര ധനമന്ത്രാലയത്തിന്റെ നിരീക്ഷണം.

ആരോഗ്യ ഇൻഷ്വറൻസും ഭവന വായ്പയും പ്രോൽസാഹിപ്പിക്കുന്ന നയമാകും പിന്തുടരുക. നികുതി ഒഴിവു ലഭിക്കാവുന്ന ഇൻഷ്വറൻസ് പ്രീമിയത്തിന്റെ പരിധി വർധിപ്പിക്കും. ഭവനവായ്പ പ്രോൽസാഹിപ്പിക്കുന്നതിലൂടെ കൂടുതൽ ഭവന നിർമാണവും തൊഴിലവസരവും ഒരുക്കാനാകും. നോട്ട് നിരോധനത്തിലൂടെ തകർന്നുപോയ റിയൽ എസ്റ്റേറ്റ് വ്യവസായത്തിന് പ്രാണവായു നൽകാൻ ഇതു സഹായിക്കും.

കാർഷിക നിയമ ഭേദഗതിക്കെതിരേ രാജ്യമെങ്ങും മാസങ്ങളോളം നീണ്ട കർഷക പ്രക്ഷോഭം ആളിക്കത്തിക്കൊണ്ടിരിക്കേ, കർഷകരുടെ കണ്ണിൽ പൊടിയിടുന്ന പൊടിക്കൈകളും പ്രതീക്ഷിക്കാം. കർഷകരുടെ വരുമാനം ഇരട്ടിയാക്കുമെന്നായിരുന്നു കഴിഞ്ഞ ബജറ്റിലെ പ്രഖ്യാപനം.

ഇതാദ്യമായി ബജറ്റ് രേഖകൾ ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ മാത്രമാണു നൽകുക. പാർലമെന്റ് അംഗങ്ങൾക്കുപോലും ബജറ്റ് രേഖകൾ അച്ചടിച്ചു വിതരണം ചെയ്യില്ല. കോവിഡ് വ്യാപനം തടയാനെന്നു പറഞ്ഞാണ് ഈ ആധുനികവത്കരണം. എംപിമാരുടെ മൊബൈൽ ആപിലും കംപ്യൂട്ടറിലും ലാപ്ടോപ്പിലുമെല്ലാം ബജറ്റ് ലഭ്യമാക്കും.

●

# ഏതാണ് ശരിക്കുള്ള പാട്ട്?




തേജശ്രീ

**സോഷ്യൽ മീഡിയയിൽ ഏതാണ്ടെല്ലാ വിഷയങ്ങളിലും ചേരിതിരിഞ്ഞുള്ള ചൂടൻ ചർച്ചകൾ പതിവാണ്. ആരോഗ്യകരമായ ചർച്ചകൾ സമൂഹത്തെ മുന്നോട്ടു നയിക്കുകയും ചെയ്യുമല്ലോ. ഇപ്പോൾ ഒരുവശത്തുനടക്കുന്ന ചർച്ച പാട്ടുകളെക്കുറിച്ചാണ്. ഉശിരൻ വാക്പ്പോരുകളുമുണ്ട് ഒപ്പം...**

സിനിമാപ്പാട്ടുകളെക്കുറിച്ച് പണ്ടേ ഒരു ചോദ്യമുണ്ട്- ആരുടെയാണ് പാട്ട് എന്ന്. രചയിതാവിന്റെയോ സംഗീതസംവിധായകന്റെയോ ഗായകന്റെയോ നിർമാതാവിന്റെയോ ആരുടെയാണ് ശരിക്കും പാട്ട്?


ഹരീഷ് ശിവരാമകൃഷ്ണൻ

ഇവരുടെയാരുടെയും അല്ലെങ്കിൽ പിന്നെ ആരുടെയാണ്? കേൾവിക്കാരുടെയാണോ?

ഒന്നിരുത്തി ചിന്തിച്ചാൽ അറിയും, ഈ ചോദ്യങ്ങളിൽ ഒന്നിലും ഒരു കഴമ്പുമില്ല എന്ന്. വായു, കാറ്റ്, വെളിച്ചം, നിലാവ്, മഴ എന്നിവയൊക്കെപ്പോലെ ഒന്നല്ലേ സംഗീതം! പാട്ടുകൾക്ക് റോയൽറ്റി നിബന്ധനകൾ ഉണ്ടാക്കിയ മഹാ സംഗീതജ്ഞരുണ്ട്. പൊതുവേദികളിൽ അവരുടെ പാട്ടുകൾ പാടണമെങ്കിൽ ലൈസൻസ് ഫീ അടയ്ക്കണം എന്നാണ് നിയമം. ഇത്തരം നിയമങ്ങളുടെ പേരിൽ ദുഖിച്ചവരുമുണ്ട് ഒട്ടേറെ. നിയമംകൊണ്ട് ആരു ജയിച്ചാലും തോൽക്കുന്നത് സംഗീതമാണല്ലോ എന്നൊരു വേദന.

## കവർകാര്യവിചാരം

ഇപ്പോഴത്തെ പ്രധാന ചർച്ച പഴയ സിനിമാപ്പാട്ടുകളുടെ കവർ പതിപ്പുകളെക്കുറിച്ചാണ്. സോഷ്യൽ മീഡിയ വളരെ സജീവമായതോടെ കവർ പാട്ടുകൾ പാടുന്നവർ ഒട്ടേറെ വെള്ളിവെളിച്ചത്തിലേക്കു വന്നു. കരോക്കെ ആപ്പുകളിൽ പാടി ശ്രദ്ധേയരാകുന്നവർ മാത്രമല്ല, ശാസ്ത്രീയ സംഗീതത്തിന്റെ ശക്തമായ അടിത്തറയുള്ള പുതുതലമുറക്കാർ ഈ രംഗത്ത് സജീവമായുണ്ട്. ദിനംപ്രതി കവറുകൾ യുട്യൂബിലും ഫേസ്ബുക്കിലും നിറയുന്നു.

പഴയ പാട്ടുകൾ പുതിയ ഓർക്കസ്ട്രേഷൻ നൽകിയോ പഴയതിന്റെ മൈനസ് ട്രാക്കുകൾ ഉപയോഗിച്ചോ പാടുന്നതാണ് കവർ പതിപ്പുകൾ. പുതിയ ഓർക്കസ്ട്രേഷൻ എന്നുപറയുമ്പോൾ ഒരു കീബോർഡ് മാത്രം ഉപയോഗിച്ചും അത്ഭുതങ്ങൾ സൃഷ്ടിക്കുന്നവരുണ്ട്. ഈണത്തിനു മാറ്റമില്ലാതെ പുതിയ വോക്കൽ നൽകുകയാണ് കവർ പതിപ്പുകളിൽ ചെയ്യുന്നത്. മിക്കവാറും എല്ലാ ഭാഷകളിലും ഇങ്ങനെ പാട്ടുകൾ ഇറങ്ങുന്നുണ്ട്. മിക്കവയും മികച്ച ആസ്വാദകപ്രശംസ നേടുകയും ചെയ്യുന്നു.

## ഹരീഷും ആര്യയും

കവർ പതിപ്പുകളുടെ പേരിലുള്ള ചർച്ചകളിൽ ഇപ്പോൾ നിറഞ്ഞുനിൽക്കുന്ന പേരുകളാണ് ഹരീഷ് ശിവരാമകൃഷ്ണൻ, ആര്യാ ദയാൽ എന്നീ ഗായകരുടേത്. അസാമാന്യ സംഗീതപ്രതിഭകളാണ് ഷൊർണൂർ സ്വദേശിയ ഹരീഷും കണ്ണൂർ നടാൽ സ്വദേശി ആര്യയും. ഇരുവർക്കും ലക്ഷക്കണക്കിന് ആരാധകരുണ്ട്. ഏതാണ്ട് അത്രതന്നെ കണക്കുവരും വിമർശകരുടെ എണ്ണവും!

അകം എന്ന മ്യൂസിക് ബാൻഡിലൂടെയാണ് ഹരീഷ് ശിവരാമകൃഷ്ണൻ ശ്രദ്ധേയനായത്. കവർ പതിപ്പുകളും സ്വന്തം പാട്ടുകളും ഒരുപോലെ അവതരിപ്പിക്കുന്ന ബാൻഡാണ് അകം. മുഖ്യ ഗായകനാണ് ഹരീഷ്. സുഹൃത്തുക്കൾക്കുവേണ്ടി ബംഗളുരുവിലെ ഓഫീസിന്റെ പാർക്കിംഗ് ഏരിയയിൽനിന്നു പാടിയ ഗാനശകലങ്ങൾ വൈറലായതോടെയാണ് ഹരീഷ് ഫേസ്ബുക്ക് ഉപയോക്താക്കളുടെ ശ്രദ്ധാകേന്ദ്രമായത്. ആരാണിയാൾ എന്ന രീതിയിൽപ്പോലും തുടക്കത്തിൽ ചർച്ചവന്നു. ഏതോ മലയാളി ഡ്രൈവറാണെന്നും, പാടാൻ കഴിവുണ്ടെന്നും, സംഗീതം പഠിച്ചാൽ രക്ഷപ്പെടുമെന്നുമൊക്കെ അഭിപ്രായപ്രകടനങ്ങൾ കണ്ടു അമ്പരന്ന നാളുകളുണ്ട് ഹരീഷിന്. യഥാർഥത്തിൽ വൻകിട ഐടി കമ്പനികളിൽ ഉയർന്ന നിലയിൽ ജോലിചെയ്തുവരുന്ന എൻജിനീയറാണ് അദ്ദേഹമെന്ന് പലർക്കും അറിയില്ലായിരുന്നു. അതേപോലെ അദ്ദേഹത്തിന്റെ സംഗീത പാരമ്പര്യവും പലർക്കും പിടികിട്ടിയിരുന്നില്ല.


ആര്യ ദയാൽ

പാട്ടുകളിലെ രാഗങ്ങൾക്ക് അല്പം കൂ

ടുതൽ പ്രാധാന്യം കൊടുത്ത്, ഒന്നു വിസ്തരിച്ചുപാടുന്ന ശൈലിയാണ് ഹരീഷിന്റേത്. ശാസ്ത്രീയ സംഗീതത്തിലെ ജ്ഞാനം അതിനയാളെ അനായാസം പ്രാപ്തനാക്കുകയും ചെയ്യുന്നു. കേൾവിക്കാരനെ രാഗങ്ങളിലൂടെ കൈപിടിച്ചു നടത്തിക്കുന്നതിൽ ഹരീഷിന് പ്രത്യേകമായൊരു കഴിവുണ്ട്.

ഒറിജിനൽ എങ്ങനെയാണോ അതിൽനിന്നു കടുകിട മാറാതെ കവർ പാടുന്ന രീതി ഒരുകാലത്തും ഹരീഷ് പിന്തുടരാറില്ല. അതേസമയം അദ്ദേഹത്തിന്റെ സ്വന്തം ശൈലിയിൽ പാട്ടുകളെ അനുഭവവേദ്യമാക്കുകയാണ് പതിവ്. അതുകൊണ്ടുതന്നെ ഒറിജിനൽ മാത്രം കേട്ടുശീലിച്ചവരിൽ ഒരു വിഭാഗത്തിന് ഹരീഷിന്റെ കവർ ആസ്വദിക്കാൻ കഴിയില്ല. അത്തരക്കാർ കടുത്ത വിമർശനവുമായി സോഷ്യൽ മീഡിയയിൽ എത്തുന്നു.

നല്ല പാട്ടുകളെ ഇയാൾ എന്തിനു പാടികുളമാക്കുന്നു, എന്തിന് അനാവശ്യമായി സംഗതികൾ ചേർത്ത് നീട്ടിവലിക്കുന്നു, യേശുദാസിനെപ്പോലെ പാടാൻ ഇയാൾക്ക് കഴിയുമോ, ഒറിജിനൽ പാട്ടുകളെ നശിപ്പിക്കുന്ന നേരത്ത് ഇയാൾക്ക് സ്വന്തമായി എന്തെങ്കിലും പാടാൻ കഴിയുമോ, ഒറിജിനലിൽ അതിനു വേണ്ട യഥാർഥ ഭാവവും സംഗതികളും സംഗീതസംവിധായകനും ഗായകനും നൽകിയിട്ടുണ്ടല്ലോ, ഇയാൾ എന്തിന് ഓവറാക്കുന്നു... ഇതുപോലെയാണ് വിമർശകരുടെ നിലപാട്. ഹരീഷിന്റെ ആലാപനം കേട്ട് വെറുത്തുപോയി എന്നൊക്കെ തുറന്നടിക്കുന്നവർ ധാരാളം. ശുദ്ധസംഗീതം മരിച്ചു, ഹരീഷ് കൊന്നു എന്നതുപോലെയുള്ള ട്രോളുകളും ഇഷ്ടംപോലെ വരുന്നു.

അതേസമയം ഹരീഷിന്റെ കവർ കേട്ട് ഒറിജിനലിനെ ഇഷ്ടപ്പെട്ട പതിനായിരങ്ങൾ മറുവശത്തുണ്ട്. അവർ അദ്ദേഹത്തിന്റെ പാട്ടുകളുടെ യുട്യൂബ് വ്യൂകളുടെ എണ്ണം കോടിക്കണക്കിനാക്കുന്നു. നിങ്ങൾ പാടൂ, ഞങ്ങൾ കേൾക്കാം എന്നാണ് അവരുടെ നിലപാട്.

ഗാനമേളകളിൽ പാടുന്നതുപോലെ പാടാൻ തനിക്കു താത്പര്യമില്ലെന്നാണ് ഗായകൻ ഹരിഹരനെയും സംഗീതസംവിധായകൻ ശരത്തിനെയുമെല്ലാം ദൈവതുല്യം ആരാധിക്കുന്ന ഹരീഷ് ശിവരാമകൃഷ്ണന്റെ പക്ഷം. ഒരുപാട്ടും ഒറിജിനൽ എന്ന അളവുകോലിൽ മാത്രമേ പാടാവൂ എന്നില്ലെന്ന് അദ്ദേഹം പറയുന്നു. യഥാർഥ ഗായകരോടുള്ള ഒരു ബഹുമാനക്കുറവും പാട്ടുകളിൽ ഇല്ല. ജീൻസും ടീഷർട്ടും ധരിച്ച് കർണാടക സംഗീതക്കച്ചേരി നടത്താനും ഹരീഷിനു മടിയില്ല.

ആര്യാ ദയാലിന്റെ രീതി അല്പംകൂടി വ്യത്യസ്തമാണ്. വെസ്റ്റേൺ ഗാനങ്ങളെ കർണാകട സംഗീതകൃതികളോടു ചേർത്തു പാടുന്നതാണ് അവരുടെ ശൈലി. യുകുലെലെ എന്ന കൊച്ചു സംഗീതോപകരണത്തിന്റെ പശ്ചാത്തലഭംഗിയോടെയാണ് ആര്യയുടെ പാട്ട്. നടൻ അമിതാഭ് ബച്ചൻ തന്റെ സോഷ്യൽ മീഡിയ പേജിൽ ആര്യയുടെ പാട്ടുകളിലൊന്ന് പങ്കുവച്ചതോടെയാണ് ഈ ശൈലിതന്നെ വൈറലായത്.

ചെറുപ്പംമുതൽ ശാസ്ത്രീയ സംഗീതം അഭ്യസിക്കുന്നയാളാണ് ആര്യാ ദയാൽ. യുവാക്കളെ സ്വാധീനിച്ച 500 പേരിൽ ഒരാളായി അടുത്തയിടെ തെരഞ്ഞെടുക്കപ്പെട്ട ആര്യ യുട്യൂബിൽ മിന്നുന്ന താരമാണ്. ആ ഫ്യൂഷൻ സംഗീതം കാത്തിരുന്നു കേൾക്കാൻ ദശലക്ഷക്കണക്കിനുപേരുണ്ട്. സ്വതന്ത്ര സംഗീതശൈലിയും ആര്യ പരീക്ഷിക്കുന്നു.

അടുത്തയിടെ ഒരു വേദിയിൽ കണ്ണോടു കാൺപതെല്ലാം എന്ന പാട്ടുപാടിയതോടെയാണ് വിമർശകർ ആര്യയെത്തേടിയും രംഗത്തുവന്നത്. ഒറിജിനലിനെപ്പോലെ ആയിട്ടില്ല എന്നതുതന്നെയാണ് പ്രധാന പോരായ്മയായി അവർ ചൂണ്ടിക്കാട്ടുന്നത്. ഇതിനെ അനുകൂലിച്ചും പ്രതികൂലിച്ചും ഒട്ടേറെ വാദമുഖങ്ങൾ ഉയരുന്നുണ്ട്.

## ആർക്കാണ് നിർബന്ധം

ഒരാൾ പാടിയ പാട്ട് ഇഷ്ടമല്ലെങ്കിൽ അതു കേൾക്കാതിരിക്കുക എന്ന തീർത്തും ലളിതമായ ന്യായമാണ് കവറുകളെ അനുകൂലിക്കുന്നവർ മുന്നോട്ടുവയ്ക്കുന്നത്. വലിയൊരർത്ഥത്തിൽ അതുതന്നെയാണ് ശരി. ഈ പാട്ടുകാർ ആരും തങ്ങളുടെ പാട്ടുകേൾക്കാൻ ഒരാളെയും നിർബന്ധിക്കുന്നില്ല. അവർ പാടാനും സോഷ്യൽ മീഡിയയിൽ പങ്കുവയ്ക്കാനും ഇഷ്ടമുള്ളവർക്ക് ഇഷ്ടമുള്ളത്ര കേൾക്കാനും അധികാരമുണ്ട്. അപ്പോൾ വിമർശനങ്ങൾ ഏറെയും വിമർശിക്കാൻവേണ്ടി മാത്രമുള്ളതാണെന്നു വരുന്നു.

സംഗീതം സന്തോഷമാണെന്നിരിക്കേ, പാടിയും കേട്ടും ആസ്വദിക്കുന്നവർ അങ്ങനെ ചെയ്യട്ടെ. വിമർശകരേ, നിങ്ങൾ ഒറിജിനലുകൾ മാത്രം കേൾക്കുക.

# ചങ്കുരു

രാജപ്പന്റെ വീട്ടിലെ സ്ഥിരം പണിക്കാരനാണ് ചങ്കുരു. ചെറുപ്പം തൊട്ട് കുഞ്ഞുരാജ എഴുന്നേറ്റുവന്നാൽ വിശാലമായ വളപ്പിൽ പണിയുന്ന ചങ്കുരുവിനെ കാണാം. വേനൽക്കാലത്തും മറ്റും കിളക്കാനും തിരിക്കാനുമൊക്കെയായി ദിവസങ്ങളോളം ചങ്കുരു വളപ്പിൽ നിന്നും കയറാതെ അവിടെ പൊറുതിയായതുപോലെ കാണാം.

കാലം ഏറെ കഴിഞ്ഞു. കുഞ്ഞുരാജ വലിയ രാജയായി. അപ്പോഴും പറമ്പിൽ പണിയെടുക്കാൻ ചങ്കുരു തന്നെ. പണിക്ക് വന്നാൽ ചങ്കുരു ഏറെ നേരവും തണലുള്ള ഒരു തെങ്ങിൽ ചാരിനിന്ന് ബീഡി വലിക്കലാണ്. പ്രധാന പണി എന്നത് ആ ബീഡി വലി തന്നെ. ഒരു ദിവസം ഗതികേട്ട രാജപ്പൻ അച്ഛനടുക്കൽ എത്തി.



‘അച്ചോ, ചങ്കുരു ഒരു പണീം എടുക്കണില്ല്യട്ടോ. വെറും കടാ. എപ്പഴും തെങ്ങും ചാരി ബീഡി വലി തന്നെ. ബീഡി വലിക്കാനാച്ച വീട്ടിൽ ഇരുന്നു ആയിക്കൂടെ. ഇത് പകല് മുഴുവൻ ബീഡി വലിക്കണേന് വൈകുന്നേരം കൂലി കൊടുക്കണ പോലെണ്ട്...‘

അച്ഛൻ ഒന്ന് ചിരിച്ചു. എന്നിട്ട് പറഞ്ഞു :

‘രാജാ, ഒക്കെ ഞാൻ അറിയണ് ണ്ട് . പാവം ഏങ്ങനെയെങ്കിലും ജീവിച്ചുപോട്ടെ. നല്ല കാലത്ത് എല്ലു മുറിയെ പണിയെടുത്തു ഈ വളപ്പിൽ പൊന്ന് വിളയിച്ചിട്ടുണ്ട്... ഇപ്പൊ ചങ്കുരുന്നു വയസ്സായി, പണിയാൻ വയ്യാതായി. അപ്പൊ നമ്മള് ചിലതൊക്കെ കണ്ടാലും കണ്ടില്ല്യാന്ന് കണ്ണടക്കേണ്ടി വരും. അല്ലെങ്കിൽ പിന്നെ എന്തിനാ മനുഷ്യൻ എന്ന് പറേണത്...‘

രാജപ്പൻ ഒന്നും മിണ്ടാതെ ആലോചിച്ചു നിന്നു.


‘എന്താ നീ ആലോചിക്കണത്...‘ അച്ഛൻ ചോദിച്ചു.

‘ഹേയ് ഒന്നൂല്ല്യ...‘ രാജപ്പൻ പറഞ്ഞു.

അച്ഛന്റെ കാലം കഴിയട്ടെ എന്നിട്ടാകാം ചങ്കുരുവിന്റെ കാര്യത്തിൽ ഒരു തീരുമാനം എടുക്കാൻ എന്നാണ് മകൻ ആലോചിച്ചുകൊണ്ടിരുന്നതെന്ന് പാവം അച്ഛൻ അറിഞ്ഞില്ല എന്നു മാത്രം.



**പി രഘുനാഥ്**





ശ്രീജ ശ്രീനിവാസൻ

# അഴിമുഖം

**പ**റയുന്നത് കേട്ടു എന്ന മൂളലിനായുള്ള കാത്തിരിപ്പിലെ ഭാഷ അവൾക്കു മനസ്സിലായിത്തുടങ്ങിയിരുന്നു. അതിനിഗൂഢവും അനിർവചനീയാനുഭൂതിയുള്ളതുമായ തുരുത്തുകളിൽ ഇരുവരും താമസിച്ചിരുന്നു. ദസ്തയേവ്സ്കിയുടെ എഴുത്തുമുറിയും അന്ന കയറിപ്പോയിരുന്ന കോണിപ്പടികളും കണ്ടിട്ടുണ്ടെന്നും റഷ്യൻ ഭാഷ തനിക്കു നല്ല വശമാണെന്നും ഒരിക്കൽ പറഞ്ഞു. ആ ഭാഷയിൽ ഒരു പുസ്തകം എഴുതിയിട്ടുണ്ടെന്നുകൂടി അറിഞ്ഞപ്പോൾ അജ്ഞാതമായ ഭാഷയായിട്ടും, അതവന്റെ എഴുത്താണല്ലോ കാലങ്ങളോളം സൂക്ഷിക്കാൻ അയച്ചുതരണമെന്നും പറഞ്ഞു.

അവൻ തമിഴനാണ്, മലയാളിയായിട്ടും. അവന്റെ ചുണ്ടിൽ എപ്പോഴും തമിഴ് പിരിഞ്ഞുകിടക്കുന്നതു കാണാം. എന്നാൽ അവന്റെയുള്ളിൽ തമിഴിനെ പുകച്ചു കളയുന്ന മലയാളം എപ്പോഴുമുണ്ട്. അതിങ്ങനെ തുറിച്ചുനോക്കും എന്നെ. അവനെഴുതിയ നിരവധി കഥകളും ലേഖനങ്ങളും മലയാളത്തിലുണ്ടെന്നറിഞ്ഞു. എല്ലാം ഒരിക്കൽ അയച്ചുതരുമെന്നും. ഇനി നുണയാണെങ്കിൽ പോലും അവയ്ക്കെത്ര മാത്രം ഭംഗിയുണ്ടെന്നു മനസ്സിലായതപ്പോഴാണ്. വസന്തവും മിന്നാമിനുങ്ങുകളും വരെ കാതോർത്തു പോകുന്ന ഹൃദയപൂർവമായ നുണക്കഥകൾ ഉണ്ട്. ഇണയെ ആകർഷിക്കാൻ മയിൽ പീലിവിടർത്തുന്നതും കുയിൽ കൂകുന്നതും പോലെയാണത്.

എങ്കിലും കാത്തിരുന്നു. പുസ്തകങ്ങൾ മുഴുവൻ തന്റെ കയ്യിലെത്തുന്ന ആ നിമിഷത്തിനു വേണ്ടി. ക്ഷമയു

ടെ അവസാനത്തെ പടിയും തകരുമ്പോൾ കുശുമ്പോടുകൂടി ചോദിക്കും, ‘എല്ലാം എപ്പോഴാണ് ഒന്നയച്ചുതരിക‘ എന്ന്.

‘ എല്ലാം ചെന്നൈയിലാണ്. ഞാനിപ്പം കേരളത്തിലല്ലേ. അവിടെ പോയാൽ ഉടൻ അയക്കാം.‘

പോസ്റ്റ്മേൻ തന്റെ വീട്ടിലേക്കുള്ള വഴിയിലൂടെ കയ്യിൽ ഒരുകെട്ടു പുസ്തകങ്ങളുമായി വരുന്ന ഒരു സ്വപ്നം ഇടയ്ക്കിടെ മനസ്സിൽ ഒരു മിന്നൽ പോലെ പാഞ്ഞു. കൗതുകത്തിന്റെ അലുക്കുപിടിപ്പിച്ച നിലാവിന്റെയും ചന്ദനഗന്ധത്തിന്റെയും ചില സന്ധ്യകൾ പൂത്തുകിടന്നു.

ഉള്ളിലിത്തിരി ദേഷ്യം പുകഞ്ഞപ്പോൾ ഒരിക്കൽ കൂടി ചോദിച്ചു.

‘എപ്പൊ അയച്ചുതരും? എനിക്കു വേണം. കിട്ടിയേ തീരൂ..”

‘തരാമെന്നു പറഞ്ഞാൽ തരും. ചോദിച്ചു കൊണ്ടേയിരിക്കേണ്ട.‘ അതായിരുന്നു മറുപടി.

”അതു ശരിയാവില്ല. എനിക്കു വേണം‘

‘ ശരി. നമുക്കിടയിൽ എവിടെയോ ഒരു ശരികേടുണ്ട്. ഞാൻ പോകുന്നു.‘

പിറ്റേദിവസം വിളിച്ചു. കിട്ടുന്നില്ല. ഒരു മെസേജ് വന്ന് നിവർന്നുകിടപ്പുണ്ട്. 'നമ്മൾ തമ്മിൽ ഒട്ടും ശരിയാകില്ല. ഗുഡ് ബൈ ഫോർ എവർ.' ശരീരത്തിലൂടെ ഒരു വിറയൽ പാഞ്ഞുപോയി. വീണ്ടും ഒരു സന്ദേശം, വാക്കു പറഞ്ഞ കാര്യങ്ങളെല്ലാം എത്ര വൈകിയാലും അയച്ചുതരും. തന്നെയിനി വിളിക്കുകയോ മെസേജ് ചെയ്യുകയോ ചെയ്യരുതെന്നും. ആകാംക്ഷയടക്കാനാകാതെ വിളിച്ചു നോക്കി. ഒരു റിംഗ്. പിന്നെ ബിസി. ബ്ലോക്ക് ചെയ്തിരിക്കുന്നു. ഒരു ശൂന്യത.

അവസരം ഒരുങ്ങിയപ്പോഴൊക്കെ ദിക്കുകൾ ചിട്ടപ്പെടുത്താതെ യാത്രചെയ്തു. കൊതിപ്പിക്കുന്നതും അല്ലാത്തതുമായ പലതും വാങ്ങിക്കഴിച്ചു. ഏതൊക്കെയോ രാത്രികളിൽ ഏതൊക്കെയോ തിയേറ്ററുകളിൽ കയറിയിറങ്ങി. കഴുത്തിലും തലയിലും നികത്താനാവാത്ത ഒരൊഴിവിന്റെ വേദന ഉടലിലേക്ക് വലിഞ്ഞു കയറുന്നു. വർഷങ്ങളുടെ കണക്കെടുപ്പിലും ഒരാളെ മനസ്സിലാക്കാൻ കഴിഞ്ഞില്ലെങ്കിൽ എന്നർഥമാണുള്ളത്...!

ഇളം കാറ്റിൽ പലവട്ടം ചുറ്റിക്കറങ്ങുന്നുണ്ട്, പഴയ ഓർമകൾ. വിളിക്കും എന്ന പ്രതീക്ഷ ഇടയ്ക്കിടെ മഴവില്ലുപോലെ പ്രത്യക്ഷപ്പെടുന്നുണ്ട്. പക്ഷെ, ഉടലും മനസ്സും വിഴുങ്ങുന്ന ശൂന്യതയിൽ നിന്ന് കുതറിമാറാൻ കഴിയുന്നില്ല

# രാമനാഥന്റെ മൗനം



വിനോദ്. വി. ദേവ്



വളരെ പഴക്കമുള്ള ഒരു വാടകമുറിയിലെ മാസങ്ങളായുള്ള താമസത്തിനിടയിലാണ് രാമനാഥനിലെ മാറ്റം ശ്രദ്ധിച്ചത്.

അടുത്ത സുഹൃത്തുക്കളും ഒരുമിച്ചു പഠിച്ചവരും ആയിരുന്നു രാമനാഥനും ദേവദത്തനും ഞാനും. ചിന്തകളിലുള്ള സമാനതയാകണം ഞങ്ങളുടെ ബന്ധത്തിന്റെ ആഴം വർദ്ധിപ്പിച്ചത്.

ജീവിതത്തിന്റെ വെളിപാടു നിമിഷങ്ങളിൽ എപ്പോഴോ ഒരുകൂട്ടം പുസ്തകക്കെട്ടുകളുമായി ഞങ്ങൾ ഈ മുറിയിൽ അകപ്പെട്ടു. ജോലിയില്ലാത്ത ദിവസങ്ങളിൽ രാഷ്ട്രീയം, സാഹിത്യം തുടങ്ങിയ വിഷയങ്ങളിലൂടെ ഞങ്ങളുടെ ചർച്ചകൾ പാതിരാവോളം നീണ്ടു. അപ്പോഴൊക്കെ മിസ്റ്റിക് കവിതകളുടെ വമ്പൻ പുസ്തകക്കെട്ടുകളെ ചുറ്റിക്കൊണ്ട് രാമനാഥന്റെ ചിന്തകൾ കാടുകയറും. അന്തർമുഖനായിരുന്ന അവൻ ആ നിമിഷംമുതൽ കൂടുതൽ വാചാലനായി കവിതയുടെ രസതന്ത്രത്തിന്റെ താളിയോലക്കെട്ടുകൾ ഞങ്ങൾക്കുമുന്നിൽ നിരത്തിയിടും. രാമനാഥന്റെ മിസ്ററിക് ചിന്തകൾ പ്രാചീനതയുടെ കടലിൽനിന്ന് ആധുനികതയുടെ ആകാശത്തിലേക്കുയരുന്നത് ഞങ്ങൾ അറിയുന്നു.

താടിരോമങ്ങളുടെ ചിതൽപുറ്റുകൾ വ്യാപിച്ച മുഖവുമായി ഒരു മഹാമുനിയെപ്പോലെ കവിതകളിൽ ഒളിഞ്ഞിരിക്കുന്ന ആഴമുള്ള ദർശനങ്ങൾ ലളിതമായ ഉദാഹരണങ്ങളിലൂടെ അവൻ വെളിപ്പെടുത്തും.

പരന്ന വെളിമ്പ്രദേശങ്ങൾ കടന്ന് നീലപ്പൂവുകൾ വിടർന്നുനിൽക്കുന്ന മണൽത്തിട്ട കടന്നാൽ പടിഞ്ഞാറൻകടൽ ചൂടുപിടിച്ച കാറ്റുമായി ആഴസൗന്ദര്യം പുതച്ചു നീണ്ടുനിവർന്നു കിടക്കുന്നു. കടൽത്തീരത്തേക്ക് വല്ലപ്പോഴുമുള്ള സായാഹ്നസവാരിക്കിടയിലും മുറിക്കുള്ളിലെ ദിനരാത്രങ്ങളിലും രാമനാഥൻ രാമനാഥനായി മാത്രം ജീവിയ്ക്കും. എന്നും അവൻ ഞങ്ങൾക്ക് ഒരത്ഭുതമായിരുന്നു. അഗാധമായ കണ്ണുകളിൽ ജ്ഞാനിയുടെ മഹത്വമൊളിപ്പിക്കുന്ന രാമനാഥൻ ....! എങ്കിലും മുഖത്തെപ്പോഴും ഗാഢവിഷാദത്തിന്റെ കറുത്തപൂവ് വിടർന്നു നിൽക്കുന്ന രാമനാഥൻ...!

എന്നാൽ അടുത്ത ചില ദിവസങ്ങളിലായി രാമനാഥനിൽ മൗനത്തിന്റെ നനഞ്ഞ പുതപ്പ് ആരോ വിടർത്തിയിട്ടിരിക്കുന്നു. ശാശ്വതമായ ദുഃഖം രേഖപ്പെടുത്തപ്പെട്ട ഒരു പ്രതിമപോലെ വിദൂരതയിൽ കണ്ണുനട്ടുകൊണ്ട് മുറിവിട്ട് പുറത്തിറങ്ങാതെ അവൻ രണ്ടുദിവസം കഴിച്ചുകൂട്ടി. ചോദിച്ചതിനൊന്നും മറുപടി കിട്ടിയില്ല. അല്ലെങ്കിലും ഞങ്ങൾക്കറിയാത്ത ഒരു രഹസ്യവും രാമനാഥന് ഇല്ലല്ലോ ! ആദ്യദിവസങ്ങളിൽ അത്ര കാര്യമാക്കിയില്ല. മൂന്നാമത്തെ ദിവസം ദേവദത്തന്റെയും,

എന്റെയും സ്നേഹമുള്ള നിർബന്ധം കൊണ്ടാണ് അവൻ സായാഹ്നസവാരിക്കിറങ്ങിയത് കടൽത്തീരം അപ്പോൾ വിജനവും ശാന്തവുമായിരുന്നു. ഇളകിയാടുന്ന കാറ്റിൽ കടൽത്തീരത്തെ കൂറ്റൻ കരിങ്കൽപാറയുടെ മുകളിൽ പ്രതിമപോലെയിരുന്നു ചക്രവാളത്തെ വീക്ഷിക്കുന്ന രാമനാഥന്റെ ചിത്രം എന്റെ മനസ്സിൽ പച്ചപിടിച്ചുകിടക്കുന്നു. . ഒരു പക്ഷേ, അപ്പോഴൊക്കെ ധ്യാനമേഘങ്ങളിലൂടെ സഞ്ചരിയ്ക്കുകയാകണം രാമനാഥൻ. ..! അതുകൊണ്ടാവണം അസ്തമനത്തിന്റെ ഭാവപ്പകർച്ചകളിൽ അവന്റെ കണ്ണുകൾ തെളിഞ്ഞു കണ്ടത്. ആകാശത്തിന്റെ അരുണരശ്മികൾ മുഖത്ത് നിറഞ്ഞുകണ്ടത്.

അന്ന് ഇരുട്ടി വെളുത്തപ്പോൾ എന്നേക്കുമുള്ള പ്രഭാതങ്ങളും ഇരുണ്ടുപോയി.

കടൽത്തീരത്തെ കൂറ്റൻകരിങ്കൽപ്പാറയോടു സദൃശ്യമൗനിയായ രാമനാഥൻ ....

യോഗാത്മക കവിതയുടെ വെളിച്ചത്തിൽ ഇരുളിനെ പകൽപോലെ വെളിച്ചമുള്ളതാക്കിയ രാമനാഥൻ ...! അന്തർമുഖത്വത്തിന്റെ വല്മീകത്തിൽ അതീതകാലങ്ങളിലൂടെ സഞ്ചരിച്ച രാമനാഥൻ..! രാമനാഥൻ എവിടെയോ.... അപ്രത്യക്ഷനായി. ...........! ഒരിക്കലും തിരിച്ചറിയപ്പെടാത്ത ഏതോ ഒരു ജീവബിന്ദുവിലേക്ക് അവൻ നടന്നു മറഞ്ഞു.

രാമനാഥന്റെ തിരോധാനം ജീവിതത്തിന്റെ സൂര്യനെ കെടുത്തി. വിഷാദത്തിന്റെ കറുത്തവാവലുകൾ ചിറകൊച്ചയില്ലാതെ ഇരവിലും പകലിലും പാറിനടന്നു. ദേവദത്തൻ പിന്നെ ഉണർന്നതേയില്ല...! അവന്റെ ചിന്തകൾ രാമനാഥനോടൊപ്പം നിലക്കടല കൊറിച്ച സായാഹ്നങ്ങളെക്കുറിച്ചും കാവ്യചർച്ചകൾ പിറന്ന രാവുകളെക്കുറിച്ചും മാത്രമായി. മിക്ക ദിവസങ്ങളിലും മുറിയിൽ ദേവദത്തൻ തനിച്ചായി. രാമനാഥന്റെ പുസ്തകങ്ങളോടൊപ്പം. കടൽത്തീരത്തേക്ക് ഞങ്ങൾ

പോകാതായി. എന്നിലും അവനിലും വിഷാദത്തിന്റെ അമ്ളഗന്ധം തങ്ങിനിന്നു. അന്വേഷണങ്ങൾക്കൊന്നിനും രാമനാഥനെ കണ്ടെത്താൻ കഴിഞ്ഞില്ല. ദിനങ്ങൾ ഓടിയകന്നു., അതോടൊപ്പം ദേവദത്തനും വളർന്നു.

ഒരിക്കൽ, ഒരു ദിവസം , മുറിയിൽ ഏകാന്തതയുടെ താളംനിറഞ്ഞുനിന്നപ്പോൾ ഒരു നിമിഷാർദ്ധത്തിൽ ഞാൻ തിരിച്ചറിയുന്നു . ദേവദത്തന്റെ കണ്ണുകൾ നിശ്ചലത തേടുന്നു. ഭാവങ്ങൾ രാമനാഥനെ ഓർമ്മിപ്പിക്കുന്നു. താടിരോമങ്ങളുടെ വല്മീകത്തിൽ അവൻ മൗനമാചരിച്ചു ജീവിക്കുന്നു. ഭയവും ഉത്ക്കണ്ഠയും ഒന്നിച്ചിടകലർന്ന വികാരസ്ഥായിയിൽ ഞാൻ ഉറക്കെ വിളിച്ചു "ദേവദത്താ...! എന്നാൽ ശബ്ദശാസ്ത്രത്തിന്റെ അതിരുകൾക്കപ്പുറത്തക്ക് അവൻ എന്നോ നടന്നു മറഞ്ഞിരുന്നു. വികാരവിഷാദം തുളുമ്പാത്ത ഒരു സമുദ്രമായിരുന്നു. ദേവദത്തൻ. അവനും മേലെയുള്ള എല്ലാ വഴികളും വലുതായി കൊണ്ടിരുന്നു..!


പ്രപഞ്ചത്തോളം– ഞാൻ കടുകുമണിപോലെ ചെറുതായിപോകുന്നു.

ദേവദത്തൻ നടന്നു മറയുന്നു..!

അനാദിയിലേക്ക്.. ! രാമനാഥനു പിറകെ..! കടൽത്തീരത്ത് അപ്പോഴും കൂറ്റൻ കരിങ്കൽപാറ തണുത്തുറഞ്ഞുകിടന്നു.

●

# കുമ്പസാരക്കൂടുകൾ കള്ളം പറയാറില്ല





രശ്മി സജയൻ

**അ**വസാനമായി പള്ളിയിൽ പോയതന്നായിരുന്നു? കുറച്ചധികം വർഷങ്ങൾക്കു മുമ്പത്തെ ഈസ്റ്ററിന്റെ തലേ ദിവസം. വൈകുന്നേരമായപ്പോൾ ഞാനും വല്യമ്മച്ചിയും കൂടിയാണ് പള്ളിയിലെത്തിയത്. അവിടെയെത്തിയപ്പോൾ ഞാനും കുമ്പസരിച്ചേ തീരൂ എന്നു വല്യമ്മച്ചി നിർബന്ധം പിടിച്ചു. യഥാർത്ഥത്തിൽ അന്നെനിക്കൊട്ടും താത്പര്യമില്ലായിരുന്നു കുമ്പസരിക്കാൻ. എന്നിലെ നാട്യക്കാരിക്ക് കുമ്പസാരക്കൂട്ടിനുള്ളിൽ കയറാനുള്ള യോഗ്യതയില്ലായിരുന്നു എന്നതാണ് സത്യം.. തിരുവസ്ത്രത്തിന്റെ മങ്ങിയ കാഴ്ചയിൽ ഇരുൾമൂടിയ കണ്ണുകൾ പല സത്യങ്ങളെയും മറന്നതാണോ അതോ ഭയം കൊണ്ട് പറയാതിരുന്നതാണോ എന്നെനിക്കു തന്നെ അറിഞ്ഞുകൂടാ. എന്തായാലും അന്ന് കുമ്പസാരിച്ചു കഴിഞ്ഞപ്പോഴുള്ള കുറ്റബോധം കാരണം. പിന്നീട് പലവട്ടം ചിന്തിച്ചു, അന്നത്

വേണ്ടായിരുന്നു എന്ന്. കുമ്പസാരത്തിന്റെ മഹത്വമെന്തെന്നറിയാതെ ആർക്കു വേണ്ടിയായാലും അങ്ങനെ ചെയ്യരുതായിരുന്നെന്ന് മനസു വിലക്കി.

തെറ്റുകൾ ഏറ്റു പറയാനുള്ള അവസരത്തിൽ കുമ്പസാരത്തിൽ മായം കലർത്തി തെറ്റുകൾ ആവർത്തിക്കുകമാത്രമാണ് അന്നു ചെയ്തത്. പശ്ചാത്താപത്തിന്റെ ആവശ്യകതയെ കുറിച്ചു ചിന്തിക്കാനും മാത്രം അന്നെന്റെ മനസു പാകപ്പെട്ടില്ലായിരുന്നു. ഇടവകയിലെ എല്ലാവരുടേയും രഹസ്യങ്ങൾ പേറുന്ന അച്ചന്റെ മനസ്സിനെക്കുറിച്ചോർത്തായിരുന്നു അന്നത്തെ മറ്റൊരു സങ്കടം.

എന്റെ കുമ്പസാരം അങ്ങനെയായതിനു പിന്നിലെ കാര്യമെന്തെന്നല്ലേ നിങ്ങൾ ചിന്തിക്കുന്നത്? അന്നെനിക്കെന്നെ അങ്ങനെയൊന്നും തുറന്നുകാട്ടാൻ കഴിയുമായിരുന്നില്ല.. ഞാനെന്നെ തുറന്നു കാട്ടുന്നതിനൊപ്പം പലരുടേയും നേരിന്റെ വഴി ചികയണ്ടിവരും. അപ്പോൾ നാട്ടുപ്രമാണിമാരിൽ ചിലരുടെയെങ്കിലും നിഴൽചിത്രങ്ങൾ അഴിഞ്ഞു വീഴുമെന്നതുറപ്പാണ്. മാത്രമല്ല എല്ലാം തുറന്നു പറഞ്ഞാൽ അചരനത് മറ്റാരോടെങ്കിലും പറഞ്ഞാലോ

എന്ന ഭയം എന്റെ മനസ്സിനെ പേടിപ്പിച്ചിരുന്നു. കുമ്പസാരരഹസ്യം അച്ചന്മാരിൽ ഭദ്രമാണെന്നാണ് വിശ്വാസം.പക്ഷേ എനിക്കച്ചനെയെന്നല്ല

ആരെയും വിശ്വസിക്കാൻ പറ്റാതിരുന്ന ആ കാലത്ത് അങ്ങനെയൊരു കുമ്പസാരം വെറുമൊരു നാട്യം മാത്രമായിരുന്നു. പിന്നീടിന്നുവരെ ഞാൻ കുമ്പസരിച്ചിട്ടില്ല. പള്ളിപരിസരത്തെങ്ങും പോയിട്ടേയില്ല. കർത്താവിന്റെ മുന്നിൽ നില്ക്കാനുള്ള യോഗ്യത ഇല്ലാത്ത ഞാനെന്തിനു കുമ്പസരിക്കണം വിശുദ്ധ അൾത്താര എനിക്കെന്നേ തീണ്ടാപ്പാടകലെയായി.

ഇന്നെനിക്കു കുമ്പസരിക്കണം. ഇനിയൊരുപക്ഷേ ഇങ്ങനെയൊരു കുമ്പസാരമോ കുമ്പസാരക്കൂടോ എന്റെ ജീവിതത്തിലുണ്ടാവില്ല. ഞാനെന്തായിരുന്നെന്ന് ഒരാളെങ്കിലും അറിയണം. ഇനിയെങ്കിലും എനിക്കൊന്നു ജീവിക്കണം. പശ്ചാത്താപവും കുറ്റബോധത്താൽ നീറുന്നൊരു മനസും എനിക്കൊപ്പമുണ്ട്. പാപം ചെയ്യാത്തവർ മാത്രം എന്നെ കല്ലെറിയട്ടെ.

എത്രയോ സത്യങ്ങൾ വിളിച്ചു പറയാനാവാതെ കുമ്പസാരക്കൂടുകൾ പലപ്പോഴും മൗനം പാലിക്കുകയാണ്. അച്ചന്റെ ചെവിയിൽ



നമ്മളോതുന്ന പശ്ചാത്താപങ്ങൾ അച്ചനെക്കായിലും കൂടുതൽ വീർപ്പുമുട്ടിക്കുന്നത് കുമ്പസാരക്കൂടുകളുടെ ചുവരുകളെയായിരിക്കും. ആ ചുവരുകൾ ഇനി എന്റെ കഥ കൂടി കേൾക്കട്ടെ.

ഞാൻ തെരേസ മാർഗ്രറ്റ് ലോറൻസ്. 'ട്രീസക്കൊച്ചേ ' എന്ന് മുൻപാരൊക്കെയോ എന്നെ വിളിക്കാറുണ്ടായിരുന്നു. ഇന്ന്

വിളിപ്പേരുകൾ പലതുവന്നു. അപ്പോൾ ഈ പേര് ആർക്കുമറിയാതായി. കുറഞ്ഞ കാലയളവുകൊണ്ട് ഞാനെന്നെത്തന്നെ മറന്നു ജീവിച്ചു. ചിറകുകൾ വീശി പറന്നു പറന്നു പലയിടവും പോയി. ആഡംബര കാറുകൾ എന്റെ യാത്രാപഥങ്ങളായി. നക്ഷത്ര ഹോട്ടലുകൾ എന്റെ രാത്രികൾക്കു വില പറഞ്ഞു. പലരുടെ കണ്ണീരും ചിലരുടെ ചിരിയും കണ്ടില്ലെന്നു നടിച്ചു.ഇന്നിപ്പോ അന്നു ചിരിച്ചവരേയും കരഞ്ഞവരേയും തേടി നടക്കേണ്ട അവസ്ഥയായി. പച്ചപ്പുകൾ തേടിയുള്ള യാത്രകളിൽ വാടിക്കൊഴിയാറായതിനെ കണ്ടില്ലെന്നു നടിച്ചു.ഉപദേശങ്ങളുടെ കുറവാണോ കൂടുതലാണോ അനുഭവപ്പെട്ടതെന്നറിയില്ല.

ചിന്തകളുടെ ഭാരം മനസിനെ വല്ലാണ്ട് അലട്ടാൻ തുടങ്ങി. എന്നിലേക്കൊരു തിരിഞ്ഞുനോട്ടം അനിവാര്യമായപ്പോൾ

ഇനി കുറച്ച് പിന്നോട്ടു സഞ്ചരിക്കാം എന്നു തീരുമാനിച്ചു.

ആ യാത്ര തുടങ്ങുമ്പോൾ എനിക്കെത്ര വയസുണ്ടാവും.

ഏറിയാൽ ഒൻപത് അല്ലെങ്കിൽ പത്ത്. കൃത്യമായൊരോർമ്മയില്ല എങ്കിലും

ഞാനന്നു കുട്ടിയായിരുന്നു. വല്യപ്പയും വല്യമ്മിയുമൊക്കെ സ്നേഹത്തോടെ പലപ്പോഴുമെന്നെ മടിയിലിരുത്താറുണ്ടായിരുന്നു. അതിലാരും ഒരു തെറ്റും കണ്ടില്ല. ഒരിക്കലും കാണത്തതുമില്ല.

വാത്സല്യത്തോടെ അതിലേറെ സ്നേഹത്തോടെ പലപ്പോഴും വല്യപ്പ എന്നെ മടിയിൽ പിടിച്ചിരുത്തി. എന്റെ പപ്പയേക്കായിലും കൂടുതൽ സ്നേഹം വല്യപ്പയ്ക്കാണെന്നുവരെ അന്നെനിക്കു തോന്നിയിട്ടുണ്ട്. പലപ്പോഴും മമ്മി പറയും ചേട്ടനും ചേച്ചിക്കും പെൺമക്കളില്ലാത്തതുകൊണ്ട് ട്രീസ കൊച്ചിനെ മകളെപ്പോലെയാ സ്നേഹിക്കുന്നതെന്ന്.

ഒരു ക്രിസ്തുമസ് തലേ രാത്രിയിലായിരുന്നു വല്യപ്പസ്നേഹത്തോടെ

' ട്രീസക്കൊച്ചേ ' എന്നു നീട്ടി വിളിച്ചത്. വിളി കേട്ടതും ഞാനോടിച്ചെന്ന് വല്യപ്പയുടെ മടിയിലിരുന്നു. അപ്പോഴെന്നെ സ്നേഹത്തോടെ കെട്ടിപ്പിടിക്കുകയും ഉമ്മ വയ്ക്കുകയുമൊക്കെ ചെയ്തപ്പോൾ മദ്യത്തിന്റെ വൃത്തികെട്ട ഗന്ധം വല്യപ്പയിൽ നിന്നെന്നിലേക്കും പടർന്നു. പക്ഷേ വല്യപ്പയുടെ മടിയിലിരുന്ന എന്നെയന്നു വല്യപ്പകണ്ടത് കേവലമൊരു പുരുഷന്റെ കണ്ണിലൂടെയായിരുന്നു. അസാധാരണമായ വല്യപ്പയുടെ പെരുമാറ്റം എന്നെ വല്ലാണ്ട് പേടിപ്പിച്ചു.കുട്ടിയായിരുന്ന എന്റെ മനസിലേക്ക് അദ്ദേഹത്തിന്റെ കാമ കേളികൾ ഭയത്തിന്റെ വിത്തുപാകി. എണീറ്റോടാൻ ശ്രമിച്ച എന്നെ ആ ബലിഷ്ഠമായ കൈകൾ കൊണ്ട് വരിഞ്ഞുമുറുക്കാൻ ശ്രമിച്ചു.

ഞാൻ പേടിച്ചലറി നിലവിളിക്കാൻ ശ്രമിച്ചെങ്കിലും ഭയം കൊണ്ടെന്റെ ശബ്ദം പുറത്തേക്കു വന്നില്ല. എങ്ങനെയൊക്കെയോ വല്യപ്പയുടെ കൈയും മുഖവുംതട്ടി മാറ്റി ഞാൻ പുറത്തേക്കോടി. എത്ര ഓർത്തിട്ടും അന്നത്തെ ആ ഭയം എന്നിൽ നിന്നു വിട്ടു മാറിയിട്ടില്ലായിരുന്നു.

ആരോടെങ്കിലും പറഞ്ഞാലോ എന്നു പലവട്ടം ചിന്തിച്ചെങ്കിലും എന്നിലെ ഭയം എന്നെ അതിൽ നിന്നു പിന്തിരിപ്പിച്ചു.പത്തു വയസുള്ള എല്ലാവരും കുട്ടിയെന്നു മാത്രം കരുതുന്ന ഞാനെന്താണ് വല്യപ്പയെ കുറിച്ചു പറയേണ്ടത്. അല്ലെങ്കിൽ തന്നെ എല്ലാവരും ബഹുമാനത്തോടെ കാണുന്ന വല്യപ്പയെ കുറിച്ച് ഞാനെന്തെങ്കിലും പറഞ്ഞാൽ ആരെങ്കിലുമത് വിശ്വസിക്കുമോ?

വല്യപ്പ എന്നോടു മാത്രമാണോ ഇങ്ങനെയൊക്കെ ചെയ്യുന്നത്? അതോ റീന ചേച്ചിയോടും പൗളി ചേച്ചിയോടുമൊക്കെ ഇങ്ങനെ ചെയ്യാറുണ്ടോ? അവരോടൊന്നു ചോദിച്ചാലോ? എന്നിലെ അന്തർലീനത്വം എന്നെക്കൊണ്ടാരോടുമൊന്നും ചോദിച്ചില്ല. അവരെയൊക്കെ അടുത്തു കാണുമ്പോൾ ഞാനെന്നിലേക്കു തന്നെ ഉൾവലിയാൻ ശ്രമിച്ചു. പക്ഷേ എന്റെ പ്രായം എന്റെ പേടി ഇതു രണ്ടുമായിരുന്നു എനിക്കെല്ലാത്തിനും തടസമായത്.

മാസങ്ങൾ പലതും കടന്നു പോയി. എന്നിലെ എന്നെ ആരും മനസിലാക്കിയതുമില്ല. എനിക്കെന്താ സംഭവിക്കുന്നതെന്നു മമ്മി പോലുമറിഞ്ഞില്ല. ഗ്രേസാന്റിയുടെ വീട്ടിൽ പതിവായി ട്യൂഷൻ പഠിക്കാൻ പോകുമായിരുന്നു. പഠിക്കുന്നതിനിടെ കുറച്ചു സമയം ചില ദിവസങ്ങളിൽ കളിക്കാൻ തരുമായിരുന്നു. കൂട്ടുകാരെല്ലാവരും ചേർന്ന് ഞങ്ങൾ മുത്തശ്ശി പ്ലാവിന്റെ ചുവട്ടിൽ ഒത്തുകൂടി സാറ്റുകളിക്കാൻ തീരുമാനിച്ചു.. അന്നു സാറ്റു കളിച്ചപ്പോൾ മുത്തശ്ശി പ്ലാവിന്റെ ചുവട്ടിൽ ഷീനയാണ് എണ്ണാൻ നിന്നത്.

ഞാൻ തൊട്ടടുത്ത മണിയനപ്പാപ്പന്റെ വീട്ടിലെ മറവേലിക്കുള്ളിൽ ഓടിപ്പോയൊളിച്ചു.

മറവേലിക്കുള്ളിൽ ഞാനറിയാതെ അവിടത്തെ സാൻറി അച്ചാച്ചൻ എന്നേക്കായിലും മുന്നേ അവിടെ ഒളിച്ചിരുന്നത് പക്ഷേ ഞാനറിഞ്ഞിരുന്നില്ല. ഓടിവന്ന എന്നെ അച്ചാച്ചൻ കടന്നുപിടിച്ചത് പെട്ടെന്നായിരുന്നു.. എന്റെ ശബ്ദം പുറത്തു കേൾക്കാതിരിക്കാനായി എന്റെ വായ പൊത്തിപ്പിടിച്ചിട്ട്

അച്ചാച്ചനും അന്നു വല്യപ്പ

ചെയ്തപോലെതന്നെ എന്തൊക്കെയോ ചെയ്തു . ഞാനൊരു കുട്ടി ആയതുകൊണ്ടും എന്റെ അറിവില്ലായ്മകൊണ്ടും അവർ ചെയ്യുന്നതെന്താണെന്നോ എന്തിനാണെന്നോ എനിക്കന്ന് മനസ്സിലാക്കുവാനായില്ല. സാന്റിച്ചാച്ചൻ ഉമ്മ വെയ്ക്കുക്കുന്നതുപോലെ

എന്റെ ദേഹത്തെവിടെയൊക്കെയോ കടിക്കുകയും മുറിക്കുകയും ചെയ്തു. എല്ലാവരും കളികഴിഞ്ഞ് ഗ്രേസാന്റിയുടെ ട്യൂഷൻ ക്ലാസിലെത്തിയെങ്കിലും എനിക്കവിടെ എത്താൻ കഴിഞ്ഞിരുന്നില്ല. എന്നെ ആരും അന്വേഷിച്ചതുമില്ല.

ഏറെവൈകിയാണ് ഞാൻ വീട്ടിലെത്തിയത്.എന്റെ ചുണ്ടുകളും ദേഹവുമൊക്കെ

എവിടെയൊക്കെയോ അപ്പോഴും വല്ലാതെ നീറുന്നുണ്ടായിരുന്നു. എങ്കിലും ഭയം കാരണം അന്നും ഞാനതാരോടും പറഞ്ഞില്ല. പക്ഷേ എന്നിലെ ഭയത്തെ മറ്റാരുമറിയാതെ മാറിമാറി വല്യപ്പയും സാന്റിച്ചായനും

ചൂഷണം ചെയ്തുതുകൊണ്ടേയിരുന്നു.

ഒരിക്കൽ സാന്റിച്ചായനെന്നെ കെട്ടിപ്പിടിച്ചു നിൽക്കുന്നതു കണ്ടു വന്ന വല്യപ്പ അതൊരു വലിയ പ്രശ്നമാക്കി. വല്യപ്പയ്ക്ക് ഒട്ടും സഹിക്കാൻ പറ്റാതെ വായും ബഹളവും വച്ചു. വീട്ടിലെല്ലാവരെയും അറിയിച്ചു.

'വയസറിയിക്കാത്ത പെണ്ണിനെ നശിപ്പിച്ച നിനക്ക് അമ്മയും പെങ്ങന്മാരുമില്ലേയെന്ന് ചോദിച്ചായിരുന്നു വല്യപ്പയുടെ ആക്രോശം. സാന്റിച്ചാച്ചനെ വല്യപ്പ ദേഷ്യം തീരുവോളം തലങ്ങും വിലങ്ങും തല്ലി. വല്യപ്പയും പപ്പയും മമ്മിയുമൊക്കെ ഓരോരുത്തരുടെ ഊഴമനുസരിച്ച് എന്നെയും തല്ലി. വല്യപ്പ നല്ലൊരു നടനായപ്പോൾ ഞാനൊരു ചതഞ്ഞ മാംസപിണ്ഡമായി. സാന്റിച്ചായൻ അതോടു കൂടി നാടുവിട്ടു. പക്ഷേ വയസറിയിക്കാത്ത പെണ്ണിനെ പലവട്ടം ആരുമറിയാതെ വല്യപ്പ വീണ്ടും ഉപദ്രവിച്ചുകൊണ്ടേയിരുന്നത് മാത്രം അറിയാൻ ഞങ്ങളുടെ വീട്ടിൽ ആരുമുണ്ടായില്ല.

വല്യപ്പയുടെ കാര്യങ്ങൾ നോക്കാനെന്ന രീതിയിലായിരുന്നു വല്യപ്പ എന്നെ മുറിയിലേക്കു വിളിച്ചിരുന്നത്. അവിടെ വച്ച് വല്യപ്പ പ്രായം മറന്നൊരു പുരുഷനായി ഞാനൊരു വല്യ പെണ്ണായിന്നു പറഞ്ഞ് എന്നെ എന്തൊക്കെയോ ചെയ്തു. ഇതിനിടയിലെപ്പോഴോ ഞാൻ വയസറിയിച്ചു. വയസറിയിച്ചെങ്കിലും അതൊന്നും വല്യപ്പയെ തളർത്തിയില്ല. എന്റെ മോഹങ്ങളും സ്വപ്നങ്ങളും ചവിട്ടിയരച്ചു വല്യപ്പ വയസാംകാലത്തും അയാളുടെ കാമനകൾ തുടർന്നു കൊണ്ടേയിരുന്നു. വല്യപ്പ കീ കൊടുത്താൽ ചലിക്കുന്ന ഒരു കളിപ്പാവ മാത്രമായിരുന്നു ഞാനന്ന്. എന്റെ ശരീരത്തിനേക്കായിലും വല്യപ്പ ചൂഷണം ചെയ്തത് എന്റെ മനസിനെ ആയിരുന്നു. എന്റെ പേടിയെ എന്റെ ദൗർബല്യമാക്കാൻ അയാൾക്കു നിഷ്പ്രയാസം കഴിഞ്ഞു. പിന്നീട് പിന്നീട് എല്ലാവരോടും എല്ലാം പറയുമെന്നു പറഞ്ഞ് അയാൾ തന്നെ എന്നെ പേടിപ്പിച്ചു.

എന്റെ നോട്ടം ഒരു വേശ്യയുടേതാണെന്ന് ആദ്യം എന്നോടു പറഞ്ഞതും അയാളായിരുന്നു. അന്നു മുതൽ ഒരു വേശ്യ ആയാൽ മതിയെന്ന ആഗ്രഹം എന്റെ മനസിൽ ഉരുവം കൊണ്ടു. കണ്ണാടിയുടെ മുന്നിൽ പല രീതിയിൽ ഞാനെന്നെ നോക്കി എന്നിലെ വേശ്യയുടെ നോട്ടം എങ്ങനെയെന്നറിയാൻ. പന്ത്രണ്ടു വയസിൽ വേശ്യ ആവാൻ മോഹിച്ചൊരു പെണ്ണ് ഈ ലോകത്ത് ഞാൻ മാത്രമായിരിക്കും.

വർഷങ്ങൾ, മാസങ്ങൾ, ദിവസങ്ങൾ കടന്നു പോയപ്പോൾ എല്ലാം തികഞ്ഞൊരു വേശ്യ ആവാൻ എനിക്കു യാതൊരു ബുദ്ധിമുട്ടുമില്ലായിരുന്നു. പക്ഷേ എന്നിലെ വേശ്യയെ എനിക്കറിയാൻ വേണ്ടി ഞാൻ സഞ്ചരിച്ച വഴികളിൽ എനിക്കു കൂട്ടായി പലരും വന്നു. പല മുഖങ്ങൾ ഓർമ്മകൾക്കു കൂട്ടായെങ്കിലും വല്യപ്പയുടെയും സാന്റിച്ചാച്ചന്റേയും മുഖം ഞാനൊരിക്കലും മറന്നിരുന്നില്ല.

ഇന്ന് സാന്റിച്ചാച്ചനെ ഞാൻ വീണ്ടും കണ്ടു. ഉന്നത ഉദ്യോഗസ്ഥനാണിപ്പോൾ. ആരോ സാന്റിച്ചാച്ചനെ സന്തോഷിപ്പിക്കാനായി കണ്ടെത്തിയതായിരുന്നു എന്നെ.ഒറ്റ നോട്ടത്തിൽ എനിക്കാളെ മനസിലായെങ്കിലും അയാൾക്ക് എന്നെ മനസിലായില്ലായിരുന്നു. അന്നാദ്യമായി എന്നെത്തേടി വന്നൊരു പുരുഷനെന്നോട് സംസാരിച്ചു. അപ്പോഴാണ് കുട്ടിക്കാലത്ത് അയാൾക്കു കിട്ടിയ ശിക്ഷാവിധിയെക്കുറിച്ചും ആ പെൺകുട്ടിയേക്കുറിച്ചുമൊക്കെ അയാളെന്നോടു പറഞ്ഞത്. ആ പെൺകുട്ടിക്കു ശേഷം അയാൾ ജീവിതത്തിൽ മറ്റൊരു പെൺകുട്ടിയെ തേടിയിട്ടില്ലെന്നും ഇന്നും അയാൾക്ക് അങ്ങനെയൊരു ആവശ്യമില്ലെന്നും ഇങ്ങനെ അയാളെ സന്തോഷിപ്പിക്കാമെന്നു കരുതിയവർക്കു തെറ്റിയെന്നും പറഞ്ഞ് കണക്കു പറയാതെ കുറച്ചധികം നോട്ടുകൾ എന്റെ കൈയിൽ വച്ചിട്ട് സാന്റിച്ചാച്ചൻ പുറത്തേക്കിറങ്ങിപ്പോയി.

എന്നിലെ വേശ്യയുടെ നോട്ടം കണ്ണാടിയിലൂടെ എന്നെ ചുഴിഞ്ഞു നോക്കിയെങ്കിലും ആ നോട്ടം കാണാനാവാതെ എന്റെ കവിളുകളിൽ നനവു പടർന്നു.ഞാനന്നു കരഞ്ഞു. അന്നൊന്നും കരയാത്തൊരു കരച്ചിലും സങ്കടവും ഇന്നെന്നെ പാപ വിമുക്തയാക്കി. ഇന്നെനിക്കൊന്നു കുമ്പസരിക്കണം. കർത്താവിന്റെ രൂപ കൂടിനു മുന്നിൽ തിരി കത്തിച്ച് എനിക്കൊന്നു പ്രാർത്ഥിക്കണം എന്നു ചിന്തിച്ച് കൈയിലിരുന്ന നോട്ടുകൾ എന്തു ചെയ്യണമെന്നറിയാതെ അവളും പുറത്തേക്കിറങ്ങി. ഏതെങ്കിലുമൊരു പള്ളിവാതിൽ തനിക്കായി തുറക്കുമെന്ന പ്രതീക്ഷയിൽ മുന്നോട്ടു നടന്നു. കുമ്പസാരക്കൂടുകളൊന്നും ഒരിക്കലും കള്ളം പറയില്ലെന്ന വിശ്വാസത്തോടെ ഇനിയെന്തിനാണ് ഒരു കുമ്പസാരം. ഈയൊരു പശ്ചാത്താപം മാത്രം പോരെ ഇനിയുള്ള ജീവിതത്തിലേക്ക്.



ബിന്ദു മാത്യു

# മേൽവിലാസം ഇല്ലാത്തവർ



**അ**ങ്ങ് അകലെ ചക്രവാളത്തിൽ അസ്തമയ സൂര്യൻ യാത്രക്കൊരുങ്ങി നിൽക്കുമ്പോൾ ഞാൻ എന്റെ അമ്മക്ക് യാത്രാനുമതി നൽകുകയായിരുന്നു. എത്ര കരുതലോടെയാണ് ഇവർ വിറകുകൾ പെറുക്കി അടുക്കി വെയ്ക്കുന്നത് . നിങ്ങൾ ഇപ്പോൾ കാണിക്കുന്ന ഈ കരുതൽ അൽപ്പം നേരത്തെ ആരെങ്കിലും ഞങ്ങളോട് കാണിച്ചിരുന്നെങ്കിൽ, ഞങ്ങളുടെ അമ്മ ഇത്ര പെട്ടെന്ന് നഷ്ടപ്പെടില്ലായിരുന്നുവല്ലോ.. ഞാനോർത്തു.

കൂലിപ്പണിക്കാരനായ ഗോപിലാലിനൊപ്പം സതിയുടെ താമസം ഒരു ചെറിയ വാടക വീട്ടിലായിരുന്നു. അച്ഛനും അമ്മയ്ക്കും ഞങ്ങൾ മൂന്ന് മക്കൾ. പ്ലസ്ടുവിന് സയൻസിൽ നല്ല ശതമാനം വിജയം കിട്ടിയിട്ടും തുടർന്ന് പഠിക്കാൻ സാഹചര്യം അനുവദിച്ചില്ല. അതുകൊണ്ട് തന്നെ കുടുംബത്തിന് വേണ്ടി വിദേശത്ത് പോകാൻ ഞാൻ ആഗ്രഹിച്ചു.

അടുത്ത സുഹൃത്തിന്റെ മൊബൈൽ ഫോണിൽ ഞാൻ പാസ്പോർട്ടിന് അപേക്ഷ കൊടുത്ത് കൊണ്ടിരുന്നപ്പോൾ അമ്മ ഓടി കിതച്ച് വന്ന് തുവാലയിൽ നിന്ന് പുതിയ മൂന്ന് അഞ്ഞൂറിൻെറ നോട്ട് എൻെറ നേർക്ക് നീട്ടി കൊണ്ട് പറഞ്ഞു: ഉണ്ണി അവൻെറ

പൈസ കൈയോടെ കൊടു

ക്കൂ. തീർക്കാൻ കഴിയുന്ന കടങ്ങൾ ഒക്കെ കൈയോടെ തീർക്കണം. ഇല്ലെങ്കിൽ ഒരു പക്ഷേ ആത്മാവിന് മോക്ഷം ലഭിക്കില്ല.

ഞാൻ വിഷമത്തോടെ അമ്മയെ നോക്കി നിന്നു. അച്ഛന്റെ പെട്ടെന്നുള്ള രോഗവും മരണവും അമ്മയുടെ താലിമാല വിറ്റിട്ടും കടങ്ങൾ പിന്നേയും ബാക്കി നിലനിർത്തി. ആകെയുള്ള മൊട്ട് കമ്മൽ തിളക്കം ഇല്ലെങ്കിലും ഈ മകന് വേണ്ടി ഊരി മാറ്റിയിരിക്കുന്നു. എൻെറ കണ്ണുകൾ നിറഞ്ഞു.

'സാരമില്ലടാ പോയിട്ട് വരമ്പോൾ അമ്മക്ക് നല്ലൊരു തിളങ്ങുന്ന കമ്മൽ കൊണ്ട് വന്നാൽ'

എൻെറ കവിളിൽ സ്നേഹത്തോടെ മെല്ലെ തട്ടി കൊണ്ട് അമ്മ പറഞ്ഞു.

പിറ്റേന്ന് ഞാനും അമ്മയും ദൂരെയുള്ള ഓഫീസിൽ എൻെറ കൈവശം ഉള്ള ഡോക്യുമെന്റുകൾ കൊടുക്കുകയും അവർ എല്ലാം ശരിയാക്കി തരികയും ചെയ്തു. വലിയ വലിയ സ്വപ്നങ്ങളുമായി ഞങ്ങൾ ചെറിയ വീട്ടിലേക്ക് വന്നു.

പിറ്റേന്ന് കൂട്ടുകാരൻ വന്ന് പറഞ്ഞു: പോലീസ് വിളിച്ചിരുന്നു നീ വേഗം അവിടേക്ക് ചെല്ല്. ഇത് കൊറോണകാലം അല്ലേ അവർ ആരുടെയും വീട്ടിൽ സന്ദർശിക്കില്ല.

ഞാനും അമ്മയും അവിടെ ചെല്ലുകയും ഞങ്ങളുടെ കൈവശമുള്ള രേഖകൾ കാണിക്കുകയും ചെയ്തു. എല്ലാം ഒക്കെയാണ് എന്ന് പറഞ്ഞു കൊണ്ട് എഴുന്നേറ്റപ്പോൾ ഓഫീസർ പറഞ്ഞു: ഒന്ന് നിൽക്കൂ. ഈ എഗ്രിമന്റ് ആരുടെ ആണ്.

'ഞങ്ങൾ വാടകയ്ക്കാണ് സർ.'

'ഓഹോ അപ്പോൾ സ്വന്തമായി മേൽവിലാസം ഇല്ല അല്ലേ ? ഇദ്ദേഹത്തിന്റെ മേൽവിലാസം നിങ്ങൾ ഉപയോഗിക്കുമ്പോൾ തീർച്ചയായും അദ്ദേഹത്തിന്റെ അനുവാദം വേണം. ഇല്ലെങ്കിൽ ഞങ്ങൾക്ക് പിന്നീട് അതൊരു വലിയ തലവേദന ആയി തീരും.'

അപ്പോഴാണ് ഞങ്ങൾ ശരിക്കും അറിഞ്ഞത് ഞങ്ങൾ മേൽവിലാസം ഇല്ലാത്തവരാണെന്ന്. ഹൃദയ വേദനയോടെ ഞങ്ങൾ മടങ്ങി വന്നു.

എന്നാലും ഒരു മേൽവിലാസം ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞില്ലല്ലോ മക്കളെ...ഇടക്കിടെ അമ്മ പറഞ്ഞു കൊണ്ടിരുന്നു.

അന്ന് പാതിരായ്ക്ക് അമ്മക്ക് നെഞ്ചുവേദന വരികയും ആശുപത്രിയിൽ കൊണ്ട് പോകുന്ന വഴിക്ക് അമ്മ മരിക്കുകയും ചെയ്തു.

പിറ്റേന്ന് ഒരു ആംബുലൻസിൽ ഞങ്ങളുടെ വാടക വീട്ടിലേക്ക് കൊണ്ട് വന്നു. എന്നാൽ അകത്തേക്ക് കയറ്റാൻ വീട്ടുകാർ അനുവദിച്ചില്ല .അതുകൊണ്ട് റോഡിൽ ആംബുലൻസ് നിർത്തി ഓരോരുത്തർക്കും കാണാൻ അവസരം ഒരുക്കി.

അലമുറയിട്ട് കരയുന്ന സഹോദരങ്ങളെ നോക്കി കൊണ്ട് വിറക്കുന്ന കൈകളോടെ, ഒരു പൊതു ഇടത്തിൽ ഞാൻ അമ്മയുടെ ചിതക്ക് തീ കൊളുത്താൻ ചെന്നു. എന്നാൽ എനിക്കതിന് കഴിഞ്ഞില്ല. ആൾക്കൂട്ടത്തിൽ നിന്ന് ഒരു പരിചയവും ഇല്ലാത്ത ഒരു പ്രായം ചെന്ന മനുഷ്യൻ വന്ന് എൻെറ വലതു കൈയിൽ പിടിച്ചു കൊണ്ട് പറഞ്ഞു:

'ഉണ്ണി വിഷമിക്കേണ്ട. നിനക്കൊരു മേൽവിലാസം ഞാൻ തരാം. പകരം എൻെറ ചിതയക്ക് നീ കൊള്ളി വെയ്ക്കണം എന്നെങ്കിലും'.

ഞാൻ നിറമിഴിയോടെ അദ്ദേഹത്തെ നോക്കി. അപ്പോൾ എൻെറ അമ്മയുടെ ചിത ആളിക്കത്തുകയായിരുന്നു എൻെറ മനസ്സ് പോലെ തന്നെ.....

•••••••

# അടയാളപ്പെട്ടു പോയത്



പലരെയും കണ്ടുമുട്ടുന്ന
സ്വപ്നത്തിന്റെ
ഒരു കോണിൽപ്പോലും നീയില്ലല്ലോ...
നീ മാത്രമില്ല.

ഓർമ്മകളിൽ
തിരഞ്ഞിട്ടും
വ്യക്തതയില്ലാത്ത
നിന്റെ മുഖം മാത്രമേ
കണ്ടുകിട്ടുന്നുള്ളൂ .....

എങ്കിലും
തീവ്രമായ സ്നേഹത്തിന്റെ
കണക്കു പുസ്തകത്തിൽ
നീയുണ്ട്

മഴത്തിമർപ്പിലൊക്കെയും
ജലച്ചിറകുമായ് വന്ന്
എന്നെയൊന്നു
തൊടുന്നതു പോലെ .....

ഓർമകളുടെ ഇരുൾ മൂടിയ
കാട്ടുവഴികളിലേക്ക്
ഒരു മിന്നൽ വെളിച്ചം
പോലെ .....

അറ്റുപോയ നമ്മെ
രൂപപ്പെടുത്തിയെടുക്കാൻ
കഴിയുന്നേയില്ല

വേഷങ്ങളെല്ലാം ചെയ്തു
തീർത്തിരിക്കുന്നു

വെറുതെയിരിക്കുമ്പോൾ
വെള്ളി വരകൾ എത്തി
നോക്കാൻ തുടങ്ങിയ
ജീവിത രേഖയിൽ
ഒരു വ്യാമോഹം മാത്രം ബാക്കിയുണ്ട്
അത് നിന്നോളം
മറ്റാർക്കാണ് അറിയാൻ കഴിയുക...



ഹാജറ കെ. എം.

# ശിശിരം

മഞ്ഞുകാലമേ!
നിനക്കോർമ്മയുണ്ടാകും
ബാല്യനൈർമ്മല്യമൊന്നിൽ
നമ്മൾ കടന്ന നിലാപ്പുഴ!
ആതിരാപ്പൂചൂടുവാൻ
ഗ്രാമത്തിൻ ചെങ്കൽ മുറ്റ-
പ്പാതിരാവൊന്നിൽ
ഉണർന്നിരുന്നു പാടി നമ്മൾ
ഉറഞ്ഞ ഡിസംബറിൻ
തണുപ്പിൽ നമ്മൾ പണ്ട്
ഉറങ്ങാതിരുന്നന്ന് കണ്ടൊരു
കരോൾയാത്ര!
ക്രിസ്മസിൻ പുൽക്കൂടുകൾ
ബത് ലേഹം നക്ഷത്രങ്ങൾ
മുറ്റത്തെ നടുന്നൊരു
കാറ്റാടിമരച്ചില്ല!
സ്വർണ്ണവർണ്ണമാം ആപ്പിൾ
മിന്നുന്ന ലോലാക്കുകൾ
ചിറകിൽ സ്വപ്നം നെയ്ത്-
വരുന്ന മാലാഖമാർ
കണ്ണടച്ചോർമ്മയ്ക്കുള്ളിൽ
തിരയെ  കാണാകുന്ന
വെണ്മയിൽ നിന്നും
രാത്രി പാടുന്ന സങ്കീർത്തനം!
എത്ര വേഗമാണതേ വളർന്നു
നമ്മൾ, കാലമെത്രയോ വേഗം
നമ്മെ ചുറ്റിയങ്ങോടിപ്പോയി
എത്ര വേഗമാണല്ലാം
നഗരം മായിച്ചത്
എത്ര വേഗമാണെല്ലാം
ഓർമ്മയായുറഞ്ഞത്
ചിതറിത്തെറിക്കുന്ന
ചിന്തയിൽ നിന്നും ഗ്രാമ-
വഴികൾ നമ്മെത്തേടി-
വരുന്നു വീണ്ടും വീണ്ടും
ആമ്പൽപ്പൂക്കുളത്തിന്റെ
പടവിൽ ചകോരങ്ങൾ!
ആരെയോ കാത്തെന്നപോൽ
സ്മൃതിയും തെക്കൻ കാറ്റും
മഞ്ഞിന്റെ പുതപ്പിട്ട്
ശിശിരം നീങ്ങീടുമ്പോൾ
മഞ്ഞുനീർപ്പൂക്കൾ തേടി
നമ്മളും നടക്കുന്നു.
പ്രാക്തനം ഒരു സ്മൃതി
ഭൂമിയായ് നമ്മെ തൊട്ട്
യാത്രയാകുന്നു, വീണ്ടും
വർഷാന്ത്യമായിടുന്നു.
മഞ്ഞിന്റെ മൂടൽത്തുമ്പിൽ
ദൂരെയാ കാഴ്ച്ചയ്ക്കുള്ളിൽ
എന്നുമേയുണ്ടായില-
പ്രത്യാശ, പച്ചത്തുമ്പ്..



രമ പ്രസന്ന പിഷാരടി



# ഒറ്റ





ടി.പി.രാധാകൃഷ്ണൻ

ഓരോ ദിവസവും
ഒറ്റക്കുപ്പായം
അലക്കി
അടുപ്പിനു മുകളിലെ
കൊച്ചയലിൽ
ചൂടും
പ്രാർത്ഥനയും സമം ചേർന്നു
ആറിയെടുക്കലും
നിർബന്ധമില്ലാത്തൊരു
പഠനകാലത്തിന്റെ
വെറും കടാക്ഷത്തിനായ്
സ്കൂളിലെത്തലും
പിൻബെഞ്ചിലെ പരിവേഷവും !

കണ്ണിൽ നീർ നിറഞ്ഞില്ല
ദീർഘമായൊന്നാഞ്ഞു
ശ്വസിച്ചെന്നേയുള്ളൂ
പതിനഞ്ചാം വയസ്സിലെ
പത്താം ക്ലാസ്സുകാരൻ.

കൂട്ടുകാരിടും വർണ്ണക്കുപ്പായങ്ങൾ
അവർ
ഉച്ചയ്ക്കുണ്ണും പലഹാരങ്ങൾ
വയറു നിറഞ്ഞ
വർത്തമാനങ്ങൾ
ഭ്രമിപ്പിച്ചതേയില്ല
ഉള്ളിൽ വീർപ്പുമുട്ടുമൊരു കടൽ
ഒളിപ്പിച്ചു വെച്ച നേരം.

രണ്ടുനേരത്തിന്റെ
ഭക്ഷണം കഴിഞ്ഞതിൻ
ബാക്കിപത്രം
ഒഴിഞ്ഞ കുടുക്കയും
അരവയർ നിറഞ്ഞ സന്തോഷവും.

ഓരോ ദിവസവും
കഴിഞ്ഞു പോകാനുള്ള
അച്ഛന്റെ ആധിയും
ഉള്ളു പൊള്ളും നൊമ്പരവും
കരകാണാത്ത തുഴച്ചിലും
ഒരുനാളുമൊരുവന്റെ
ആഢംബരത്തിന്റെ
കഥ പുഴുങ്ങിയെത്തുന്നതിൻ
താരതമ്യത്തിൻ സർപ്പകൊത്ത്
ഏല്കാത്ത ബാല്യം.
ആയിരങ്ങളുടെ
സന്തുഷ്ട ബാല്യമെന്റെയും.

# അമ്മമരം



ഇലകളും പൂക്കളും ഇടതൂർന്നു നിൽക്കുമാ
ശിഖരങ്ങൾ പലതുള്ള മരമായിരിക്കവേ
എൻമടിത്തട്ടിലായ് മധുനുകർന്നീടുവാൻ
മധുപവും ശലഭവും വിരുന്നെത്തിയെന്നും
ഇളംതെന്നലിലാടുന്നതേൻകനിയുണ്ണുവാൻ
കിളികളും ചില്ലയിൽ കൂടുവെച്ചു
തണലും തണുപ്പും നിറഞ്ഞൊരെൻ ചോട്ടിലായ്
ബാല്യങ്ങളാർത്തു രസിച്ചുവെന്നും
കുയിലിന്റെ മധുരമാം പാട്ടിന്റെ താളത്തിൽ
തളിരുകൾ തലയാട്ടി നൃത്തമാടി
വർഷവുംവേനലുമേൽക്കാതെയെൻകുഞ്ഞു
മക്കളെ മാറോടടക്കി ഞാനും
എന്നും വസന്തം നിറയുമെൻ ചില്ലയിൽ
ഉത്സവമേളം നിറഞ്ഞു നിന്നു

ഋതുവെല്ലാമോരോന്നു കോഴിയവേ മേനിയിൽ
ഹരിതമാം യൗവനം പൊഴിഞ്ഞു പോകേ
താരില്ല തളിരില്ല തണലുമില്ലായിന്ന്
താരാട്ടു പാടും കിളിയുമില്ലാ
ശിഖരം ദ്രവിച്ചോരെൻ മേനി തലോടുവാൻ
കനി നുകർന്നാരുമേ വന്നതില്ലാ
ഏകയായ് ഞാനിന്ന് യീ വഴിയോരത്ത്
തേങ്ങലുമായ് തിരയുന്നുവെന്നും
എങ്ങുപോയ് ഞാൻ വളർത്തിയായെൻകൊച്ചു
അരുമക്കിടാക്കൾ തന്നാരവങ്ങൾ
സായാഹ്നനേരത്തുതാങ്ങായിനിൽക്കുമെന്നാശിച്ചയെൻ
ചെറുപൊന്നുമക്കൾ
ഒറ്റയ്ക്കിരുന്നു ഞാനോർത്തുപോകുന്നുവാ
നിത്യഹരിതമാം നല്ലകാലം
ഒരുദിനം ഞാനുമീമണ്ണിൽ പതിക്കുമ്പോ -
ളെങ്കിലും വരികയെൻ പൈതങ്ങളേ
ഇല്ലില്ല പരിഭവം നിങ്ങളോടൊരുനാളും
ഹൃദയത്തിലെന്നുമാ മധുമാത്രമേ
വരികയീചേതനയണയുമീ കൊമ്പിലായ്
പോയ വസന്തത്തിൻ നാദമാകൂ
അവസാനമായെന്റെ മിഴിയടഞ്ഞീടുമ്പോൾ
ആ ഓർമ്മയാലെൻ മനംനിറച്ചീടുകാ



തസ്നി ജബീൽ



# ഇനിയും



രാജു കാഞ്ഞിരങ്ങാട്

ശോഭനമെന്നോ ജീവിത മിനിയും
ശോണിമ യാർന്നൊരു നേരം
മിഴിയിൽ മായാവലയം മാത്രം
കാഴ്ച കയങ്ങൾ മാത്രം
സ്പന്ദിതമാമീ ഹൃദയം മന്ദം, മന്ദീഭ-
വിക്കുകയായി
കണ്ഠമുയർത്തുന്നില്ലാഗാനം
ഏതോ ഘർഗര ശബ്ദം
കനവിൽ രുധിരക്കാഴ്ചകൾ മാത്രം
അധരം മുദ്രിതമായി
ശോഭനമെന്നോ ജീവിത മിനിയും
ശോണിമയാർന്നൊരു നേരം

നേടിയതെന്താണിന്നീയുലകിൽ
ചോദിപ്പൂ മനമെന്നോട്
നേട്ടംയെന്നത് നോട്ടം തെറ്റിയ ചെയ്തി-
കളെന്നറിയുന്നു ഞാൻ
എത്രയഹങ്കാരങ്ങൾ അന്നെൻ നെറുക -
യിൽ പത്തി വിടർത്തി
ഇല്ലാരും,യിന്നീ യെല്ലും തൊലിയെ താങ്ങി -
യെടുക്കാൻ പോലും.

ഇല്ല നിരാശകളൊട്ടും ഉള്ളിൽ
ആശകൾ മാനുഷ പര്യായം
ശോഭനമെന്നോ ജീവിത മിനിയും
ശോണിമയാർന്നൊരു നേരം

# സത്യം അഥവാ ഒരു മിഥ്യ



ദീപ്തി കൈരളി

പൂവ് മരിച്ചെന്ന് കൽപ്പന പറഞ്ഞു...
അതെ വെറും കല്പന...
അപ്പോൾ കൊഴിഞ്ഞ പൂക്കൾ...???
'അവ മരണമടഞ്ഞിരുന്നു...'
ചക്രവാള സീമയിൽ
സൂര്യനസ്തമിച്ചതു കണ്ടവർ,
പിന്നെയും ഉച്ചത്തിൽ ഏറ്റുപാടി.
കഷ്ടം!!!!
പൂവും കായും പിന്നെ ഒരുനൂറു മരങ്ങളും,
അതിൽ പിന്നെ,
ഒരു വസന്തകാലവും
തിമിരത്തിൽ ആഴ്ന്നു പോയിരിക്കാം
അപ്പോൾ മരണം???
അങ്ങനെയൊന്നില്ല.
പുച്ഛം, കോപം, സഹതാപം
രസങ്ങൾ എന്തുമാകട്ടെ
എനിക്ക് ഭ്രാന്തെന്ന് ഉറക്കെ പറയാം,
എങ്കിലും മരണമെന്നൊന്നില്ല.
ആളിപ്പടരുന്ന ചുടലയിൽ
ആയിരം വർണ്ണങ്ങൾ വിരിഞ്ഞതു കണ്ടോ?
ഇല്ലെങ്കിൽ മാറി നിന്നു നോക്കൂ.
ചീഞ്ഞമാംസവും അഴുക്കുചാലും
പേറ്റുനോവ് തിന്നുന്നു.
അപ്പോൾ ആരാണ് മരിച്ചത്?
കോറിയിട്ട വരകൾക്കിപ്പുറം,
എന്റെയെന്നു കരുതുന്ന വിഢികൾ,
പോയി തുലയട്ടെ!!!!
എന്നിലെ നീയും നിന്നിലെ ഞാനും,
ഈ കാറ്റും വെളിച്ചവും,
പിന്നെയറിയാത്ത കാണാത്ത
എത്രയെത്ര സാമഗ്രികളും
പരകായ പ്രവേശന പാത്രങ്ങൾ.
അപ്പോൾ മരണമെന്താണ്?
തിര ഒടുങ്ങിയ കടലും
മഴ തീർന്ന കാലവുമാകാം
മേനിയിൽ ചായം തേയ്ക്കുന്ന നിശീഥിനികൾ,
കൂപമണ്ഡൂകങ്ങൾ,
ഏറ്റുപാടട്ടെ, സൂര്യനസ്തമിച്ചെന്ന്.
നമുക്ക് ചിരിക്കാം....





# നഖം



– സെയ്തലവി വിളയൂർ

ഒരായുധവും വേണ്ടെങ്കിലും
ഓരോ വിരലുകളിലും
ഓരോ നഖങ്ങൾ
നീണ്ടു വളരണം..
എപ്പോഴുമൊന്നും
വെട്ടിയൊതുക്കാത്ത
അവശിഷ്ടങ്ങളൊത്തിരി
ഉദരത്തിൽ ചുമന്ന്
കറുത്തു തുടങ്ങി
അറപ്പിനെ പെറുന്ന
നഖങ്ങൾ..
ചൊറിയാനും
മാന്തിപ്പിളർക്കാനും
നുള്ളിയെടുക്കാനും
നുള്ളി നോവിക്കാനും
പറ്റിയ കൂർത്ത നഖങ്ങൾ..
എതിർപ്പുകൾ
ശക്തമാവണമെങ്കിൽ
നഖശിഖാന്തമാവണം..
ബലാൽക്കാരങ്ങൾ
ക്രൂരമാവണമെങ്കിൽ
മുഴുത്ത മാറിടങ്ങളിൽ
ആർത്തിയോളം ആഴമുള്ള
നഖക്ഷതങ്ങളേൽപ്പിക്കണം..
തൂങ്ങി മരണങ്ങൾ
ഭയം ജനിപ്പിക്കണമെങ്കിൽ
നീട്ടിയ നാവിനൊപ്പം
മാറും മുഖവും
പരമാവധി മാന്തിപ്പിളർക്കണം..
മാറാനായ മുറിവിനു ചുറ്റും
അരിച്ചു നടക്കുന്ന
ചൊറിസുഖത്തെ
ചോരയിൽ മുക്കിക്കൊല്ലണമെങ്കിൽ
മുറിവിലേക്ക് നഖങ്ങൾ
അറിയാതെ ആഴ്ന്നിറങ്ങണം..
നഖം വളരണം..
ഇല്ലാത്തവർ
നട്ടുവളർത്തണം..
നാളെയുടെ നെഞ്ചുകളിൽ
നിങ്ങളുടെ ചിത്രം
നെടുനീളെ കോറിയിടണമെങ്കിൽ
നഖങ്ങൾ വളരണം..

# ഇല്ലാത്തവർ



ഷീജ പള്ളത്ത്

ഇഴഞ്ഞു നീങ്ങിയ നേരത്തെ
അവജ്ഞയോടെ നോക്കി
പുതപ്പിനടിയിലേയ്ക്ക്
ചുരുണ്ടു കൂടി.

കാളുന്ന വയറിലെ തീയ്
ഒഴിഞ്ഞ പാത്രങ്ങളെ
നക്കിത്തുടച്ചു.

പച്ചവെള്ളത്തിന്റെ രുചി
മൺകൂജയെ ചുണ്ടോടാടുപ്പിച്ചു.

മാറാല തൂങ്ങിയ
ഒറ്റമുറിയിലെ മച്ച്
ഇരതേടുന്നവന്റെ
സ്വപ്നലോകം.

അകം നിറഞ്ഞ
വാക്കുകൾ
മൗനത്തെ പ്രണയിച്ചു.





# സഹയാത്രിക

നീല രാവിൽ -
ഇളം മഞ്ഞിൻ ചില്ലിലൂടെ ,
തെളിയാതെ തെളിയുന്ന
ഇന്ദു

പ്രണയം ,
നിറുകയിൽ
പൊട്ടു കുത്തിയപ്പോൾ -
പിണങ്ങാതെ
നിന്നവൾ

ഹൃദയ വീണയിൽ,
ഹരികാംബോജിയായി -
മയങ്ങിക്കിടന്നവൾ...

വിരഹത്തിൻ
ഗഹ്വരത്തിലേക്കു -
ചൂണ്ടു പലകയുമായ് വന്ന ,
പകൽ വേഗങ്ങളോടു
ഇടഞ്ഞവൾ..

നെഞ്ചിൻകുടുക്കയിലെ
കദനക്കടന്നലുകളെ
ഇളക്കിവിടാതെ
പിടിച്ചുനിന്നവൾ...!

ഓരോ തുള്ളി
മൗനവും
ഒരുപുഴയാക്കി
അതിൽ നീന്തിതുടിപ്പവൾ..!

എനിക്കൊപ്പം പറന്നീടാൻ
കാലം
പൊഴിച്ചുവച്ച
വർണ്ണത്തൂവൽ...



**സുനിൽരാജ് സത്യ**



# അന്നൊരിക്കൽ നമ്മൾ അത്രമേൽ പ്രണയിച്ചിരുന്നു



– കല്ല്യാണി

ഓരോ നിലാവിലും
ഒന്നിച്ചു തിളങ്ങിയിരുന്നു.....
നക്ഷത്രങ്ങളെ
എണ്ണിയിരുന്നു....

കൈകൾ കോർത്ത്
ഒട്ടി ചേർന്നിരുന്നു
ഓരോ ഋതുക്കളും കടന്നു
പോകുന്നത് ആസ്വദിച്ചിരുന്നു.....

ഒരായിരം കഥകൾ പറഞ്ഞ്
പൊട്ടി ചിരിച്ചിരുന്നു
കാപ്പി കപ്പുകൾ കൈ
മാറിയിരുന്നു....

മനം നോവുമ്പോൾ
കെട്ടിപിടിച്ചു
കരഞ്ഞിരുന്നു....
വരാൻ പോകുന്ന
വസന്തത്തെ സ്വപ്നം
കണ്ടിരുന്നു.....

ജനിക്കാത്ത
കുഞ്ഞുങ്ങൾക്ക്
പേരിട്ടിരുന്നു
ഇല്ലാത്ത സ്ഥലങ്ങളിലേക്ക്
യാത്ര പോയിരുന്നു......

തൊട്ടുരുമ്മി നടന്നിരുന്നു...
കെട്ടിപിടിച്ചുറങ്ങിയിരുന്നു...
മിഴികൾ തമ്മിൽ
സ്നേഹം പകർന്നിരുന്നു...
ചുണ്ടുകൾ ചേർന്ന് ഹൃദയം
കൈ മാറിയിരുന്നു...

എന്നിട്ടും.....

വേദന വന്നപ്പോൾ നീ
ഒറ്റയ്ക്ക് സഹിച്ചു
മുടി കൊഴിഞ്ഞപ്പോൾ
നീ പറഞ്ഞില്ല

രക്തം തുപ്പിയപ്പോൾ
പറ്റിച്ചതാണെന്ന് പറഞ്ഞു.....
ശരീരം തളർന്നപ്പോൾ
വിശപ്പില്ലന്ന് പറഞ്ഞു...

ഉറക്കം ഇല്ലാതെ
കരഞ്ഞപ്പോഴും
പാടി ഉറക്കാൻ
നോക്കി....

ഒരു നാൾ തനിച്ചാക്കി
നീ ദൂരേക്ക് പറന്നു...

വീണ്ടും വസന്തം വന്നു
നിലാവ് വീണു...

അങ്ങനെ അങ്ങനെ
പ്രിയപ്പെട്ടവയെല്ലാം
കടന്നു പോയി
ഞാൻ അറിഞ്ഞതേയില്ല....

നമ്മൾ ഇന്നും
നമ്മളായിരിക്കുന്ന
വയലറ്റ് പൂക്കൾ മാത്രം
വിരിയുന്ന ഓർമ്മതൻ
ആ പൂന്തോട്ടത്തിൽ

ഇന്നും ഞാനാ മഞ്ഞ
സാരിയുടുത്ത്
നിന്നെയും
കാത്തിരിപ്പാണ്....

കാത്തിരിപ്പ്.... ????

# മേഘസന്ദേശം



സന്തോഷ് കെ.

എത്ര നേരം നീയിങ്ങനെ, നിന്നാലും
നില്പുമാത്രമെ കാണൂ ഇനിയും
തല ചൊറിഞ്ഞു നീ നില്ക്കേണ്ടി മേഘമേ
പടികടന്നു നീ പോവുക,പോവുക...

ഇല്ല ചില്ലറ തുട്ടുകളൊന്നും
നിനക്കു സമ്മാനമായ് തരുവാൻ
ഇല്ല കാമിനിമാരുമവർക്കായ്
എഴുതി വെച്ച സന്ദേശങ്ങളും
നീ കടന്നു പോകേണ്ട വഴികളും
വഴിയിൽ കണ്ടുനില്ക്കേണ്ട കാഴ്ച്ചയും
ഒന്നുമേയില്ല നിനക്കു തരുവാൻ
പിന്നെ എന്തുണ്ടെന്നോ കൈകളിൽ,
ഈ തകർന്ന എഴുത്തുപലകയിൽ
ഇനിയുമെഴുതി മുഴുമിച്ചിടാത്ത
വാലും തലയും തിരിഞ്ഞു കിട്ടാത്ത
കവനഭംഗിയോ വൃത്തബോധമോ
തൊട്ടുതീണ്ടാൻ മടിച്ചു നിൽക്കുന്ന
ഇത്തിരിക്കവിതകൾ മാത്രമുണ്ട്







സാന്ദ്ര എസ് വാരിയർ

# ആദ്യാനുരാഗം

ആദ്യമായ് കേട്ടൊരാ മഴയുടെ താളത്തിൽ
നനഞ്ഞലിയാനെന്നുമേറെയിഷ്ടം
കൈക്കുമ്പിളിൽ വീഴും തുള്ളികൾ ഉള്ളാകെ
ഇക്കിളികൂട്ടി രസിക്കുംപോലെ
മഴപെയ്ത നാൾകളിൽ ചേമ്പില കുടചൂടി
ഓടിത്തളരാത്ത ബാല്യകാലം
എത്ര കൊതിച്ചാലും തിരികെ വരാത്തൊരാ
മധുരമൂറുന്നൊരു പിഞ്ചുബാല്യം
നനവൂറും മണ്ണിലെൻ പിഞ്ചുകാൽവെയ്ക്കുമ്പോൾ
കോരിത്തരിച്ചിടും ഭൂമിയാ കെ
എത്രകേട്ടാലും മതിവരാത്താമഴ-
പ്പാട്ടിൽ നനയാനുമേറെയിഷ്ടം
പെരുമഴപ്പാച്ചിലിൽ നീന്തിക്കളിച്ചിട്ടു
പനിവരുത്തീടുന്നൊരോർമ്മകളും
മഴപെയ്ത രാത്രിയിൽ മൂടിപ്പുതച്ചിട്ടു
മുത്തശ്ശിക്കഥ കേൾക്കാനേറെയിഷ്ടം
മഴ നല്കും കുളിരിനെ പ്രണയിച്ചു ഞാനിന്നു
മഴയിലലിഞ്ഞലിഞ്ഞൊഴുകും പോലെ
മഴയുടെ താളത്തിലൊഴുകിയലിഞ്ഞു ഞാൻ
മഴയായ് തോരാത്ത പേമാരിയായ്



# ഹൃദയം തുടിപ്പവർ

കവിഞ്ഞു തൂവുന്ന ദയക്കുടം
നിറഞ്ഞ സ്നേഹത്തിന്നിരിപ്പിടം
കുറഞ്ഞ വേദനക്കുരുക്കിലും
പുകഞ്ഞു നീറുന്നോരകത്തടം

നമുക്കു ഞാനെന്നോരുറപ്പുമായ്
തുടിക്കും ചേതനക്കരുത്തുമായ്
പിടയ്ക്കും പ്രാണനെക്കുറിച്ചെന്നും
ഉറക്കെപ്പാടുവാൻ തുനിഞ്ഞവർ

എടുക്കും തൂലിക,യെഴുത്തിനായ്
കുറിയ്ക്കുമുള്ളിലെ പിടപ്പുകൾ
മിടിയ്ക്കും ചങ്കിനാലെഴുത്തുകൾ
അവർക്കു സ്വാതന്ത്ര്യപ്പിറപ്പുകൾ

പരന്ന ഭൂവിലെ തെളിച്ചങ്ങൾ
കലർന്നു ജീവിതത്തുടിപ്പുകൾ
മറന്നുപോവില്ലയിടർച്ചകൾ
വിടർന്ന ഹൃത്തിന്റെയെഴുത്തുകൾ



വിനോദ് ചെത്തല്ലൂർ

# ജനാധിപത്യം തകരുമ്പോൾ



ജിൻസി.കെ.പി

പണ്ട് ഒരമ്മക്ക് തന്റെ
ധർമ്മിഷ്ഠരായ
പുത്രന്മാർ..
ഒരു പുത്തനുടുപ്പ്
തുന്നിക്കൊടുത്തു
തുല്യമായചതുരകള്ളികളിൽ
പലനിറങ്ങൾ
ചാലിച്ചുകൊണ്ടുള്ള,
ഭംഗിയുള്ള ഒരുടുപ്പ്...

കാലങ്ങൾക്ക് ശേഷം...
ആ അമ്മയോട് അമ്മയുടെ  അധർമ്മികളായ ചില
പൗത്രന്മാർ പറഞ്ഞു
'അമ്മേ, അമ്മക്ക്
ഈ ഉടുപ്പ് തീരെ
ചേർച്ചയില്ലിപ്പോൾ,
ഞങ്ങൾ തുന്നിത്തരാം
വിലകൂടിയ തുണികൊണ്ടു നെയ്തൊരു പുത്തനുടുപ്പ്,
ഒറ്റ നിറത്തിലുള്ള ഒരുടുപ്പ്
അതിൽ ചുവന്ന പൊട്ടുകൾ ചിതറിതെറിച്ച പോലെയുള്ള പുള്ളികളും'



# മൂന്ന് ബൊഹീമിയൻ കുറിപ്പുകൾ

**ഒന്ന്–: സിൽവിയ.**

നിന്നെ തിരഞ്ഞു വരാറുള്ള സ്വപ്നങ്ങളുടെ
മഞ്ഞുതാഴ്വരകൾ
പ്രഭാതത്തിന്റെ അരുണവർണ്ണത്തിൽ
അലിഞ്ഞുപോകാതിരിക്കാൻ
എനിക്ക്
സമുദ്രത്തിലുദിച്ച്
മലമുകളിലസ്തമിക്കുന്ന സൂര്യനെ തരിക
അല്ലങ്കിൽ
പ്രണയത്തിന്റെ വജ്രസൂചികൊണ്ട്
എന്നെ കീറിമുറിക്കുക..........



എം. കപിൽദേവ്

**രണ്ട് –: വാൻഗോഗ്**

നീ വീണ്ടും ഒരു കാതു മാത്രം ചോദിക്കുന്നു.
ഞാനിന്ന്
കണ്ണും
കാതും
നാവും
കരളും പറിച്ചു നൽകാം.
ഇനി നീ
എന്റെ കണ്ണു കൊണ്ട് കാണുക.
കാതുകൊണ്ട് കേൾക്കുക.
നാവുകൊണ്ട് മിണ്ടുക.
കരളിൽ
സൂര്യകാന്തിപ്പൂക്കളുടെ സ്വപ്നം നിറയ്ക്കുക...

**മൂന്ന് – : അയ്യപ്പൻ**

മുറിച്ചുമാറ്റിയിട്ടും മണ്ണിലേക്കാഴ്ന്നിറങ്ങിയ
വേര് പൂക്കുന്നു.
കടും നീല നിറമുള്ള പൂവുകൾ.
വിഷം തീണ്ടാത്ത കവിതകൾ...........



# പ്രണയക്കുപ്പായം

ഈ വേനൽ പറയാതെ പറയുന്ന
ചില ഓർമ്മകൾ ഉണ്ട്...
നിന്നെ കുറിച്ച്....

മെഴുക്കു പുരണ്ട മുടിയിഴകൾ സമ്മാനിക്കുന്ന,
എനിക്കേറെ പ്രിയമാർന്ന നിന്റെയീ
സുഗന്ധത്തെ കുറിച്ച്...

രാത്രികളിൽ, വയൽ പെറ്റ
കച്ചികളിൽ ഒന്നിച്ചാർത്ത്,
പെയ്തു തീർത്ത വിയർപ്പ് മണികളെകുറിച്ച്....

കുന്നോളം പ്രണയം കരുതിവെച്ച,
മച്ചിൻപുറത്തെ ഒളിസ്ഥലങ്ങൾ
എല്ലാം, ഇന്നിപ്പോൾ മാറാല
ഏറ്റ് പൊടിപിടിച്ചിരിക്കുന്നു...

കിനാവ് പൂക്കുന്ന നേരങ്ങളിലെല്ലാം
തെക്കിനിയുടെ ചായ്പിനും തൊടിയിലെ
ഇലഞ്ഞിപൂവിനും നിന്റെ ഗന്ധം മാത്രം...

ഈ വഴികളിൽ നീ പങ്കു വെച്ചതൊക്കെയും
ഇന്നും തികട്ടിവരുന്നുണ്ട്,
എങ്കിലും അതിന്ന് ഓർക്കാത്തൊരോർമ്മ
ആയി മാത്രമേ എനിക്കറിയാവൂ...


നിഴൽ ഛായ തീർത്ത മണൽ പരപ്പിലെല്ലാം
നിന്റെ കൈവിരലുകൾ ഇന്ന്
ഏകമായി എന്നെ തേടിടുന്നു....

നിന്നോർമകളുടെ ആക്കം കൂട്ടാൻ മാത്രം
ഇടയ്ക്കിടെ എത്തിനോക്കുന്ന
നീല കീറുകൾ നിറഞ്ഞ ആകാശത്തെ,
കണ്ണിൽ നിന്ന് മായാതെ നോക്കിയിരിക്കാൻ
വിധിക്കപ്പെട്ട ഞാനും...

നിന്നോർമ്മ മങ്ങുന്നു...
മയങ്ങി പോകുന്നു ഞാനും!



അമ്മു



# പ്രഹസനാന്ത്യം!

തുമ്പ കരഞ്ഞു കരിഞ്ഞുണങ്ങി,
തുമ്പികൾ തുമ്പയെ വിട്ടുമാറി.
മുക്കുറ്റിയെന്തെന്നറിയാത്ത ലോകത്ത്
ഓണക്കളികളും വില്പനയ്ക്കുള്ളതായ്.

പൂക്കളം തീർക്കുന്ന പൂക്കൾക്ക് വിലയിട്ട്,
മാവേലി കണ്ണുകൾ നിറച്ചു വിട്ടു.
പൂക്കൊട്ട നിറയ്ക്കുവാൻ പറമ്പിലേക്കോടുന്ന
കുട്ടികളെങ്ങോട്ടോ പോയ് മറഞ്ഞു.

അങ്ങനെയിങ്ങനെ, മലയാളി ഓണത്തെ
ചന്തയിൽ കൊണ്ടു പോയ് വിലയ്ക്കു വച്ചു.
ഓണത്തിൻ നന്മയെ ചാക്കിലാക്കി,
ഏതോ പുഴകളിലൊഴുക്കി വിട്ടു.

ആ നാളിലെപ്പൊഴോ ഒരു ഭൂതമെത്തുന്നു...
ചൈനക്കാർ ലോകത്തിൽ താളത്തെ മാറ്റുവാൻ
വില കുറഞ്ഞൊരുത്തനെ കേറ്റി വിട്ടു.

അപ്പൊഴും നന്മതൻ ഓണമെത്തി.
സദ്യവട്ടങ്ങൾ പകുതിയായി,
ഊഞ്ഞാൽക്കൊമ്പുകൾ ഉണങ്ങി നിന്നു.
മാസ്കിട്ട മുഖങ്ങളിൽ വരണ്ട ചിരിയുടെ
കണ്ണീർക്കോലങ്ങൾ തെളിഞ്ഞുവന്നു.

ആയിരം ചിരികൾ ഒന്നിച്ച സെൽഫികൾ
ഓർമ്മയിലിങ്ങനെ തികട്ടി വന്നു.

പൂക്കളം തീർക്കുവാൻ പറമ്പിലേക്കോടവേ,
തുമ്പ തൻ ചിരിയിലലിഞ്ഞു പോയി.
നിറങ്ങളിൽ നിദ്രതൻ ആഢംബരത്തിന്റെ
നിറഞ്ഞ ചുംബനം ബാക്കി നിന്നു!

പരസ്യങ്ങളെന്നും കൺചിമ്മിപ്പറയുന്ന
കടലാസിലകൾ ഇന്നെവിടെ?
ഇന്നു നാം കണ്ടില്ലവരെയൊന്നും, ചിരിക്കാതെ
ചരിയാതെ വാഴക്കൈകൾ ഇളകിയാടി!

പ്രഹസന കാലത്തിന്റെ വേരറുത്തോടുവാൻ
മാവേലി ഭൂതത്തിനിടം കൊടുത്തോ?

'കേരളം' കേരളമായതീ നാളിലാണോർക്കണം,
ഒന്നിച്ചിരുന്നാലും 'ഒന്ന്' ആയിരുന്നാലും
നമ്മളുണ്ണും ഏത് കാലത്തും ഓണത്തെ
മാവേലിയെയെന്നും ഊട്ടിക്കൊണ്ട്...!



നിത്യാലക്ഷ്മി എൽ. എൽ

# നിന്നെ ഞാൻ ചേർത്തുവെയ്ക്കട്ടെ!



കയ്യുമ്മു കോട്ടപ്പടി

കരയുന്നുണ്ടെങ്കിലും
കണ്ണീരിലുമൊരു ചിരി
വിരിഞ്ഞു നിറഞ്ഞു കണ്ടു
ഞാൻ കവിൾത്തടങ്ങളിൽ

ചിരിയ്ക്കുമുള്ളിലും
നിറഞ്ഞൊാലിക്കുമീ, എൻ
കര തലങ്ങളാൽ
മായ്ച്ചതല്ലയൊ?

പശിയറിഞ്ഞു പോയ്
തെരുവു പാതയിൽ
കവിത ചൊല്ലി ഞാൻ
നിറച്ചതല്ലെയൊ?

ഉദിച്ചു വന്നപ്പോൾ
തിളച്ച ചൂടിലെൻ
കുളിര് കോരി നീ
നനച്ചതല്ലെയൊ?

അറിയുന്നതൊക്കെയും
അകലെയാകിലും
വരച്ച ചിത്രത്തിൽ ഞാൻ
വിരൽ തൊടുമ്പോൾ ...

ചുളിഞ്ഞ മെത്തയിൽ
മയങ്ങി വീഴുമ്പോൾ
നിശ വിഴുങ്ങിയ കിനാ-
വോർത്തു പോയ് ...

മതിവരാതെ ഞാൻ
ഉണർന്നെഴുന്നേൽക്കെ
നരച്ച ചിരിയുടെ കരിഞ്ഞ
പൂവുകൾ കവിൾത്തടങ്ങളിൽ
ഉരുട്ടിവെയ്ക്കട്ടെ.





# പ്രണയം



ജംഷീർ കോഡൂർ


പ്രണയത്തിൻ ദിനരാത്രങ്ങളേ ഞാൻ വെറുക്കുന്നു.
പ്രണയത്തിലേക്കു വീണ ആ നിമിഷത്തെ -
വിങ്ങലോടെ ഞാൻ ഓർക്കുന്നു.
നീ അതിരുകളില്ലാത്ത എന്റെ സ്വപ്നങ്ങളുടെ -
ചിറകുകളെ മുറിച്ചു കളഞ്ഞു.

നീ മധുരമുള്ള തേനിൻ രുച്ചി നൽകി.
ആനന്ദവും ഉന്മേശവും ഉണർവും നൽകി .
പക്ഷെ നീ  സ്നേഹത്തിന്റെ ചങ്ങലകൾ കൊണ്ട്
കാണാൻ അതീവ സൗന്ദര്യമുള്ള
സ്വർണ്ണം കൊണ്ടുണ്ടാക്കിയ പെട്ടിയിൽ എന്നെഅടച്ചു പൂട്ടി.
നിന്റെ കണ്ണിലൂടെ മാത്രം നോക്കാൻ പഠിപ്പിച്ചു.
നിന്റെ നിറം മങ്ങിയ കാഴ്ചകൾ എനിക്കു
നൽകിയപ്പോൾ എന്റെ സ്വപ്നങ്ങൾ കരിഞ്ഞുണങ്ങി.
ഉയരങ്ങളിൽ പറന്ന് ആകാശങ്ങൾ പലതും കീഴടക്കാനുള്ള
എന്റെ ആഗ്രഹം  വ്രഥാ  സ്വപനങ്ങൾ മാത്രമായി മാറി.
എന്നിട്ടും നിനക്കു ഞാൻ മാപ്പ് നൽകുന്നു.
കാരണം നീ എന്നിലേ വസന്തമായി മാറി കഴിഞ്ഞിരിക്കുന്നു.
അത്രമേൽ ഞാൻനിന്നെ പ്രണയിക്കുന്നു.
നീ ഇല്ലാതെ ഒരറ്റ നിമിഷവും എന്നിലൂടെ
കടന്നുപോയിട്ടില്ല.



# മേഘരാഗം

ജൂല അതിയാരത്ത്



മൊഴിയാതെ മൊഴിയും നിൻ മിഴികൾ തൻ ഭാഷ്യം
പ്രണയം തുളുമ്പിടും മൗനമോ കാവ്യമോ?

കേവലമൊരന്യയെന്നറിയുന്നുവെങ്കിലും
പിരിഞ്ഞിടല്ലേയെന്നോതുവാൻ വെമ്പുന്നു.

കാതങ്ങൾ ബഹുദൂരം അകലെയാണെങ്കിലും
ചാരത്തണയാൻ തുടിച്ചിടുന്നെൻ മനം

ആശാപൂമരം പൂവിട്ടതെൻ സ്വപ്നം ,
അതിൽ ചിന്തകൾ ശലഭമായ് തേൻ നുകർന്നീടുന്നു.

കുളിർക്കാറ്റുപോൽ തഴുകുന്നു നിൻ സാന്ത്വനം
നെഞ്ചിൻ നെരിപ്പോടിൽ എരിയും മോഹങ്ങളെ.

മനസ്സിന്റെ വിങ്ങൽ പെയ്തൊഴിയുന്നു നിൻ
ഹൃദയനൈർമ്മല്യത്തിൻ ആഴങ്ങളിൽ

കാലത്തിൻ കുത്തൊഴുക്കതിജീവിച്ചൊരെൻ
ജീവിതമാമൊരാറ്റുതേക്കിൻ തരു
അണയാൻ മടിക്കും വസന്തവും മിഴിനട്ട്
വേരുറപ്പിച്ചു പ്രത്യാശാ തുരുത്തിൽ.

അന്നു നീ പാടിയൊരമൃതവർഷിണീരാഗബ
ലഹരിയിൽ പെയ്ത പുതുമഴതൻ
ലാളനമേറ്റൊരാ കടമ്പ് പൂത്തു.

കാദംബരിയിൽ കണ്ണാടി നോക്കി തൻ
മൗനം വെടിഞ്ഞു കുയിൽപ്പേട നീ പാടി
ഒഴുകി ഞാൻ ആ ഗാന നിർത്ധരിയിൽ
മഴതോർന്ന മാനത്തെ വെൺമേഘ ശകലമായ്.

പുസ്തകപരിചയം


# ഏകാന്തതയുടെ സങ്കടങ്ങൾ



**വീരാൻകുട്ടി**

കവിതയെ മുറുകെപ്പിടിച്ചുകൊണ്ട് വലിയ കയങ്ങളുള്ള ജീവിതനദി മുറിച്ചുകടക്കാനാകുമെന്ന ആത്മവിശ്വാസം ചിലരിൽ ഞാൻ കണ്ടിട്ടുണ്ട്. മുങ്ങുമ്പോഴും കവിതയെ കച്ചിത്തുരുമ്പാക്കി കയറിവരാനാകും എന്ന ബോധ്യത്തിൽ ജീവിക്കുന്നവർ. കവിത ഒരു ഭാഷാവ്യവഹാരത്തിനപ്പുറം മറ്റു പലതുമാണവർക്ക്. ശ്വാസംപോലെ, ജീവൻപോലെ ഉപേക്ഷിക്കാനാവാത്ത ഒന്നായി അതവരിൽ പ്രവർത്തിക്കുന്നു. യഹിയ മുഹമ്മദ് എന്ന ചെറുപ്പക്കാരനെ അങ്ങിനെ ഒരാളായി കാണാനാണ് ഞാനിഷ്ടപ്പെടുന്നത്. കുട്ടിയായ കാലംതൊട്ടുതന്നെ കവിയായ യഹിയയെ എനിക്കറിയാം. സ്കൂളിൽ പഠിക്കുന്ന സമയത്താണ് യഹിയയുടെ ആദ്യ കവിതാസമാഹാരം വെളിച്ചം കാണുന്നത്. പഠിപ്പു കഴിഞ്ഞശേഷം നാട്ടിൽ സെയിൽസ്മാന്റെ വേഷത്തിൽ, പിന്നീട് ഗൾഫിൽ പ്രവാസിയുടെ രൂപത്തിൽ കഴിയുമ്പോഴും കവിതയെ അരയിൽ കെട്ടുന്ന ഉറുക്കിലെ മന്ത്രംപോലെ രഹസ്യമായി കൂടെ കൊണ്ടുനടക്കുന്നുണ്ടായിരുന്നു ഈ ചെറുപ്പക്കാരൻ എന്ന് എന്റെ മുന്നിലിരിക്കുന്ന പുസ്തകം തെളിവാണ്.

എത്രയെത്ര പ്രക്ഷുബ്ധതകളെ ഉള്ളിലൊതുക്കിയാണ് ഓരോ കടലും കപ്പലുകളെ സുരക്ഷിതമായി ലക്ഷ്യസ്ഥാനത്തെത്തിക്കുന്നത് എന്ന വരികൾ മാത്രംമതി ഈ കവിയ്ക്ക് കവിതയിൽ ഉണ്ടായിട്ടുള്ള മുതിർച്ചയെ ഉദാഹരിക്കാൻ. പ്രക്ഷുബ്ധതയെ ശാന്തമാക്കാൻ പണിപ്പെടുന്ന മനുഷ്യാവസ്ഥയുടെ ധർമ്മസങ്കടത്തെ തീവ്രമായി ആവിഷ്കരി



ക്കാനുള്ള ശ്രമം ഈ വരികളിലുണ്ട്.

യഹിയയുടെ കവിതകളിൽ തിരയിളകുന്ന സങ്കടാവ്സ്ഥയുടെ പൊതുവായ സ്വരൂപത്തെയും ഈ ബിംബകല്പന പ്രതിനിധാനം ചെയ്യുന്നുണ്ട്. പൂ പോലെ മൃദുലമായ ഒന്നായിട്ടല്ല ഈ കവിതകളിൽ ജീവിതം വെളിപ്പെടുന്നത്. ജീവിതത്തിന്റെ കടലിനെ മഷിപ്പാത്രമാക്കുന്ന കവിപരമ്പരയുടെ ഇങ്ങേയറ്റത്ത് ഈ കവിയുമുണ്ട്.

എന്റെ വാക്കുകൾക്ക് മാർദ്ദവമൽപ്പം കൂടിപ്പോയി എനിക്ക് കൂർത്ത പാറക്കല്ലുകൾ പോലുള്ള പരുക്കൻ വാക്കുകൾ വേണം എന്ന് നെരൂദ പറയുന്നുണ്ട്.

പ്രണയമെന്ന സ്നിഗ്ധഭാവംപോലും യഹിയയുടെ കവിതയിൽ പരുക്കൻ ബിംബവലിയിലാണ് വിടരുന്നത്. പൂവിനു പകരം മുള്ളും കുയിലിനു പകരം പരുന്തും ചിത്രശലഭത്തിനു പകരം ഹൃദയം ചവച്ചു തുപ്പുന്ന പുഴുവുമാണ് കവിയുടെ പ്രണയകല്പനകളിൽ മേൽക്കൈ നേടുന്നത്.

പ്രവാസ ജീവിതത്തെ ആവിഷ്കരിക്കുമ്പോഴും അത് മാർദ്ദവമേറിയ വൈയക്തികാനുഭവമായി ചുരുങ്ങാതെ നോക്കാൻ കവിയ്ക്കാകുന്നുണ്ട്. സന്ധ്യാതീരം എന്ന കവിതയിൽ പ്രവാസം എന്ന അവസ്ഥ ദേശീയതകളുടെ അതിർവരമ്പുകളെ റദ്ദുചെയ്യുന്ന മനുഷ്യാനുഭവമായി പരിണമിക്കുന്നതു കാണാം. മരീചികയാണെന്നു തിരിച്ചറിയുമ്പോഴേക്കും ഒരൊട്ടകമായി നമ്മൾ പരിണമിച്ചിരിക്കും എന്ന് പ്രവാസ ജീവിതത്തിന്റെ നൈരന്തര്യത്തെ ഈ കവി പറഞ്ഞുവെക്കുന്നുണ്ട്. വർത്തമാനകാല ജീവിതത്തിന്റെ ഒരു സ്വഭാവം കാഴ്ചയുടെ ചിതറൽ ആണ്.

പുഴയുടെ ഒരുമ വേണ്ടപ്പോൾ നീ മഴയുടെ ചിതറലാകുന്നു എന്ന് കെ.ജി.എസ് എഴുതി. യഹിയയുടെ കവിതയിൽ പൊട്ടിയ കണ്ണാടിയാണ് ചിതറിയ കാഴ്ചകളെ പെരുപ്പിക്കുന്നത്.

വിട്ട നാടും കൈവിട്ട ബാല്യവും സമ്മാനിച്ച ഗൃഹാതുരതയുടെ നനവ് പല കവിതകളിലും അടിയൊഴുക്കായി വരുന്നുണ്ട്. തിരിവിളക്കും പത്തായപ്പുരയുമായി വിട്ടുപോന്ന നാട് കവിതയിൽ നിറയുന്നു. നഷ്ടമായ മഴയായി അത് ബാല്യത്തിനു ഭാഷ നൽകുന്നു.

മലയാള കവിതയ്ക്ക് അധികമൊന്നും പരിചിതമല്ലാത്ത മാപ്പിളജീവിതത്തിന്റെ അടയാളങ്ങൾ അവിടവിടെയായി യഹിയ കോറിയിടുന്നുണ്ട്. പള്ളിക്കാട്, നിസ്കാരപ്പായ, സുജൂദ് തുടങ്ങിയ വാക്കുകളിൽ സാമുദായികജീവിതത്തിന്റെ സത്തയെ വായിച്ചെടുക്കാനാകും.

ഏകാന്തതയാണ് ഈ കവിയുടെ ഇഷ്ടഭാവം. കവിതകളിലുടനീളം തണുത്ത ഏകാന്തത നിഴൽ വീശുന്നു. ഏകാന്തത ഒരു മരുഭൂമി എന്ന് യഹിയ എഴുതുന്നുണ്ട്. ഒറ്റയ്ക്ക് നില്ക്കുന്ന മരത്തെപ്പോലെ മണൽ കാട്ടിൽ ജീവിച്ചതിന്റെ പൊള്ളൽ ഈ ഏകാന്തതയിൽ ഞാൻ വായിക്കുന്നു.

കൂടുതൽ വിസ്തരിക്കാൻ തുനിയുന്നില്ല. കവിത നിരന്തരം നവീകരിക്കപ്പെടുന്ന ഒന്നാണ്. ഓരോ കവിയും തന്നെത്തന്നെ പുതുക്കിയാണ് കവിതയുടെ വഴിയേ മുന്നേറുന്നത്. എല്ലാം തികഞ്ഞ ഒരു കവിത ഇല്ല. നാളെ യഹിയ എഴുതുന്ന കവിതയിൽ ഭാഷ കൂടുതൽ പുതുമയോടെ, പ്രത്യക്ഷപ്പെട്ടുകൂടെന്നില്ല. അനുഭവങ്ങൾ കൂടുതൽ പക്വത കൈവരിച്ചു എന്നും വരാം. ഒരു കാര്യം തീർച്ചയാണ് ഈ സമാഹാരത്തിലൂടെ യുവകവികളുടെ ശക്തമായ നിരയിലേക്ക് യഹിയ മുഹമ്മദ് എന്ന പേരുകൂടി കൂട്ടിച്ചേർക്കപ്പെടുകയാണ്.

യഹിയയ്ക്ക് എല്ലാ വിജയങ്ങളും നേരുന്നു.